# അൽ ഹഖ്

നവംബർ 2006

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA    PRIVATE CIRCULATION



രണ്ടാം പേജിൽ: മുഹമ്മദ്നബി(സ)–സമാധാനത്തിന്റെ പ്രവാചകൻ: ഡോ. സലാഹുദ്ദീൻ

മൂന്നാം പേജിൽ:  ഇന്ത്യൻക്രിക്കറ്റ് ടീം: പരാജിതരുടെ തമ്പ്

നാലാം പേജിൽ: ഡോ. അബ്ദുസ്സലാം സാഹിബ്: വൈകിവന്ന പ്രതികരണം 


ഏഴാം പേജിൽ: പിന്നിട്ട നാളുകൾ: മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് 

എട്ടാം പേജിൽ: രാഷ്ട്രീയകൊലപാതകങ്ങളും ഭീകരതയും ബംഗ്ലാദേശിൽ അസമാധാനം സൃഷ്ടിക്കുന്നു


## വീടിനെ ശാന്തിഗേഹമാക്കുക

### ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)

കുടുംബവഴക്കുകളുടെ- ഭാര്യ ഭർതൃ ബന്ധങ്ങളിലുള്ള വഴക്കുകളുടെ പരാതികൾ വളരെയധികമായിരിക്കുകയാണ്. ചിലപ്പോൾ നിരർത്ഥകവും വെറുപ്പുണ്ടാക്കുന്നതുമായ കാര്യങ്ങൾ പരസ്പരം പഴിചാരുകയും ആക്ഷേപങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം ഇല്ലായിരുന്നുവെങ്കിൽ, 'ഉപദേശിക്കുക, ഉപദേശം ഫലം ചെയ്യും' എന്ന അല്ലാഹുവിന്റെ കല്പനയില്ലായിരുന്നുവെങ്കിൽ മനുഷ്യൻ നിരാശനായി കൊണ്ട്, എല്ലാ അതിരുകളും കവച്ചുവെച്ചവരും ആപിണങ്ങിക്കഴിയുന്നവരുമായവരെ അവരുടെ പാട്ടിന് വിടാൻ തക്കവണ്ണമുള്ള അക്രമപരമായ നടപടികളാണ് പുരുഷന്മാരിൽനിന്ന് അല്ലെങ്കിൽ ശ്വശുരഗൃഹങ്ങളിൽനിന്ന് മുന്നിൽ വരുന്നത്. പക്ഷേ, ഉപദേശിക്കുക എന്ന അല്ലാഹുവിന്റെ കല്പനയനുസരിച്ച് നബി (സ) തിരുമേനിയുടെ വാഗ്ദത്തമസീഹിന്റെ ദാസത്വത്തിലും പ്രാതിനിധ്യത്തിലും ഉപദേശിച്ചുകൊണ്ടേ പോകാൻ ആഭിമുഖ്യമുണ്ടാകുന്നു. ഇക്കാലത്തെ ഇമാമിനെ വിശ്വസിച്ചിട്ടുള്ളവരിൽ തീർച്ചയായും മാന്യതയുടെ ഏതോ ഒരു ബീജം ഉണ്ടായിരുന്നതുകൊണ്ടാണ് ഈ നന്മയുടെ മൊട്ട് വിരിഞ്ഞത്. അതായത് അഹ്മദിയ്യത്ത് സ്വീകരിക്കാൻ കഴിഞ്ഞത്. അതിൽത്തന്നെ നിലനില്ക്കുകയുമാണ്. നമ്മുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എത്രമാത്രം മഹത്തായതാണ്. നമ്മൾ ജമാഅത്തിന്റെ



അഭിവൃദ്ധിക്കുവേണ്ടി പ്രവർത്തിക്കുന്നതിനു പകരം അനാവശ്യകാര്യങ്ങളിൽപെട്ട് നമ്മുടെ വീടിന്റെ കൊച്ചുസ്വർഗ്ഗത്തെ നരകമാക്കിയും വ്യക്തിഗതമായ അഹങ്കാരത്തെ പ്രശ്നങ്ങളുടെ പർവ്വതമെന്ന് മനസ്സിലാക്കിയും കൊണ്ട് ഭംഗം വരുത്തുന്ന രീതിയിലാണ് പ്രവർത്തിക്കുന്നത്. ഈ പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ട് ഏതു കക്ഷിയാണോ തങ്ങളുടെ അഹങ്കാരത്തിന്റെ വലയിലേക്ക് തങ്ങളെത്തന്നേയും മറ്റു കക്ഷികളേയും നിസാമെ ജമാഅത്തിനേയും അവസാനം ചിലപ്പോൾ എന്നേയും വലിച്ചിഴക്കാൻ ശ്രമിക്കുന്നത് അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ ഏതൊരു ഉദ്ദേശ്യ സാഫല്യത്തിനായിട്ടാണോ അല്ലാഹു അയച്ചത് ആ ഉദ്ദേശ്യം അവർ മനസ്സിലാക്കുന്നവരായിത്തീരട്ടെ. അവിടന്ന് പറയുന്നു:

“ഏതൊരു പ്രവൃത്തി ചെയ്യുന്നതിനാണോ അല്ലാഹു എന്നെ നിയോഗിച്ചിട്ടുള്ളത്, അത് അല്ലാഹുവിലും അവന്റെ സൃഷ്ടികളുടെ ബന്ധങ്ങളിലും ഉണ്ടായിട്ടുള്ള ശത്രുത അകറ്റി സ്നേഹത്തേയും ആത്മാർത്ഥതയേയും വീണ്ടും നിലനാട്ടുക എന്നതാണ്.” വീണ്ടും അവിടന്ന് പറയുന്നു: “നഷ്ടപ്പെട്ട ജനങ്ങളെ സഹനശീലവും സൽസ്വഭാവവും മൃദുസമീപനവും കൊണ്ട് അല്ലാഹുവിലേക്കും അവന്റെ പരിശുദ്ധമായ സന്മാർഗ്ഗത്തിലേക്കും വലിച്ചടുപ്പിക്കാനും എനിക്ക് നല്കപ്പെട്ട പ്രകാശത്തിന്റെ വെളിച്ചത്താൽ ജനങ്ങളെ നേരായമാർഗ്ഗത്തിൽ നടത്താനുമാണ് എന്നെ അല്ലാഹു ലോകത്തേക്ക് അയച്ചിട്ടുള്ളത്. അല്ലാഹു ഉണ്ടെന്ന് ദൃഢബോധം ഉണ്ടാകുംവിധമുള്ള തെളിവുകൾ ലഭിക്കേണ്ട ആവശ്യം ഇന്ന് മനുഷ്യനു

(ശേഷം 3-ാം പേജിൽ)

## ബൾഗേറിയയിൽ അഹ്മദികൾ അനഭിമതർ!!

**അൽഹഖ് ന്യൂസ് ഡെസ്ക്**

**സോഫിയ:** ബൾഗേറിയയിലെ അഹ്മദിസമൂഹം പുതിയ പ്രശ്നങ്ങൾ നേരിടുന്നു. മുൻകമ്മ്യൂണിസ്റ്റ് രാജ്യമായ ബൾഗേറിയയിൽ അഹ്മദികൾക്കെതിരായ നീക്കം നടത്തുന്നത് ഇവിടത്തെ നാഷണൽ സ്റ്റേറ്റ് റിലീജിയസ് അഫേയർസ് ഡയരക്ടറേറ്റും പ്രാദേശിക പ്രോസിക്യൂട്ടറായ മറിയസോട്ടേവയും ചേർന്നാണ്. ബൾഗേറിയയിൽ ആകെയുള്ളത് 400 ഓളം അഹ്മദികളാണ്. ഇവരിൽ ഏറെയും ബൾഗേറിയൻ നഗരമായ ബംഗോവ് ഗ്രാഡിലാണ് താമസിക്കുന്നത്. അഹ്മദികളുടെ വിശ്വാസപരവും, മതപരവുമായ അസ്തിത്വത്തെ ഇല്ലാതാക്കാനാണ് അധികാരികളുടെ ശ്രമം.

ബൾഗേറിയൻ നിയമമനുസരിച്ച് മതസംഘടനകൾ 2002-ലെ മതനിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇതനുസരിച്ച് 2003 ഡിസംബറിൽ അഹ്മദിയ്യാ ജമാഅത്ത് സോഫിയാ ജില്ലാകോടതിയിൽ രജിസ്ട്രേഷന് വേണ്ടി അപേക്ഷിച്ചു. (ഇവിടത്തെ നിയമമനുസരിച്ച് രജിസ്ട്രേഷൻ നൽകേണ്ടത് കോടതികളാണ്) എന്നാൽ, ഒരു 'വിദഗദ്ധ റിപ്പോർട്ടി'നെ തുടർന്ന് ഈ കോടതി അഹ്മദികൾക്ക് രജിസ്ട്രേഷൻ നിഷേധിച്ചു. റിലിജിയസ് ഡയരക്ടറേറ്റിന് ലഭിച്ച ചില രേഖകൾ ഇതിന് തെളിവായി അധികാരികൾ ഉദ്ധരിച്ചു. ചില 'വിദേശ' രാജ്യങ്ങളിലെ അനുഭവങ്ങളും ഈ തീരുമാനത്തിന് പിറകിലുണ്ടെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. ഈ തിരിച്ചടിയെ തുടർന്ന് അഹ്മദികൾ ഒരു വാണിജ്യേതര സംഘടന എന്ന നിലയിൽ രജിസ്ട്രേഷന് ശ്രമിച്ചെങ്കിലും റിലിജിയസ് ഡയരക്ടറേറ്റ് ഇതിനെയുംഎതിർത്തു. ഒടുവിൽ നിരന്തര പരിശ്രമത്തെ തുടർന്ന് 2005 ഡിസംബറിൽ അഹ്മദികൾക്ക് സംഘടനാ രജിസ്ട്രേഷൻ ലഭ്യമായി.

ഈ രജിസ്ട്രേഷനാണ് ഇപ്പോൾ റദ്ദാക്കിയിരിക്കുന്നത്. ഇതിന് കാരണമായി പറയുന്ന കാര്യങ്ങൾ പലതും വിചിത്രങ്ങളാണ്. 2005-ൽ അഹ്മദികൾ നേടിയെടുത്ത രജിസ്ട്രേഷൻ പല കാര്യങ്ങളും തെറ്റായി പറഞ്ഞുകൊണ്ടാണെന്ന് ഉദ്യോഗസ്ഥർ പറയുന്നു. ബൾഗേറിയയിലെ അഹ്മദി നേതാക്കളിൽ ഒരാളായ റിഫാത്ത് ജഹാൻ അംറ പാക്കിസ്ഥാനിലെ നിയമം മൂലം അമുസ്ലിംങ്ങളായ അഹ്മദിസമുദായത്തിലെ അംഗമാണെന്നതാണ് പബ്ലിക് പ്രോസിക്യൂട്ടർ ഉയർത്തുന്ന ഏറ്റവും 'ശക്തമായ' വാദം. കൂടാതെ ഇതര മുസ്ലിംകളിൽനിന്ന് വിഭിന്നമായ വിശ്വാസങ്ങൾ അഹ്മദികൾ വെച്ചുപുലർത്തുന്നതായും ഇവർ

(ശേഷം 7-ാം പേജിൽ)

## വാൾകൊണ്ട് ഇസ്ലാം പ്രചരിപ്പിച്ചിട്ടില്ല: ഡോ. കെ.കെ.എൻ. കുറുപ്പ്

**സ്വന്തം പ്രതിനിധി**



ഖുദ്ദാമുൽ അഹ്മദിയ്യ സംഘടിപ്പിച്ച മതസൗഹാർദ്ദ സമ്മേനത്തിൽ ഡോ. കെ.കെ.എൻ.കുറുപ്പ് മുഖ്യപ്രഭാഷണം നടത്തുന്നു

**കണ്ണൂർ, നവംബർ 20:** ലോകത്ത് ഇസ്ലാംമതം പ്രചരിച്ചത് വാൾ കൊണ്ടാണെന്ന വാദം തികഞ്ഞ അസംബന്ധമാണെന്ന് കാലിക്കറ്റ് സർവ്വകലാശാലാ മുൻവൈസ്ചാൻസലർ ഡോ. കെ.കെ.എൻ.കുറുപ്പ് പറഞ്ഞു. മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ചേമ്പർഹാളിൽ നടത്തിയ മതസൗഹാർദ്ദ സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ഭൂരിപക്ഷം വരുന്ന ഹിന്ദുക്കളെ ആയുധം കൊണ്ടാണ് മുസ്ലിംകളാക്കി മാറ്റിയെടുത്തതെന്ന് പ്രചരിപ്പിക്കുന്നവർ സമനില തെറ്റിയവരാണ്. അതുകൊണ്ടാണ് ഇത്തരം പ്രചാരണങ്ങൾ നടത്തിയവരെ സ്വാമി വിവേകാനന്ദൻ ഭ്രാന്തന്മാരെന്ന് വിളിച്ചത്.

മതങ്ങൾ സംസ്കാരത്തെ സൃഷ്ടിക്കാനാണ് പ്രയത്നിക്കുന്നത്. അതുകൊണ്ടുതന്നെ ആ മതങ്ങൾക്ക് ജനങ്ങളെ തമ്മിൽ ഭിന്നിപ്പിക്കാനാവില്ല. ഒന്നിപ്പിക്കാൻ മാത്രമേ കഴിയൂ. എന്നാൽ ചിലർ നിക്ഷിപ്ത താല്പര്യങ്ങൾക്കായി മതങ്ങളെ ഉപയോഗിച്ചുതുടങ്ങിയതോടെയാണ് മത വൈര്യം വളരാൻ തുടങ്ങിയത്. മതത്തെ വർഗ്ഗീയ

(ശേഷം 3-ാം പേജിൽ)

## മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് താഹിർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അഖിലേന്ത്യാ സദർ

**ഖാദിയാൻ:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ 2006–08 പ്രവർത്തനവർഷത്തിലേക്കുള്ള അഖിലേന്ത്യാ സദറായി മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് താഹിറിന്റെ തെരഞ്ഞെടുപ്പ് അമീറുൽ മുഅ്മിനീൻ അംഗീകരിച്ചു. ഇദ്ദേഹം ഖാദിയാനിൽ സ്ഥിരതാമസമാക്കിയ കാശ്മീർ സ്വദേശിയാണ്. 38 വയസ്സ് പ്രായമുണ്ട്. 1990–91 കാലഘട്ടത്തിൽ ജാമിഅ അഹ്മദിയ്യായിൽ



നിന്നും ബിരുദമെടുത്ത ശേഷം നേപ്പാളിൽ മുബല്ലിഗായി നിയമനം ലഭിച്ചു. നാല് വർഷക്കാലം നേപ്പാളിൽ സേവനമനുഷ്ഠിച്ചശേഷം മൂന്ന് വർഷം ഭൂട്ടാനിലും തുടർന്ന് രണ്ട് വർഷക്കാലം ജാമിഅത്തുൽ മുബശ്ശിരീനിൽ അദ്ധ്യാപകനായും സേവനം ചെയ്തു. ഇപ്പോൾ വഖ്ഫെനൗ വകുപ്പിലാണ് പ്രവർത്തിച്ചുവരുന്നത്.

ഇസ്മായീൽ സാഹിബ് അഖിലേന്ത്യാ ഖുദ്ദാമുൽ അഹ്മദിയ്യായുടെ വിവിധ സ്ഥാനങ്ങൾ അലങ്കരിച്ചിട്ടുണ്ട്.

## നബികീർത്തന സമ്മേളനങ്ങൾ



കോട്ടക്കലിൽ സംഘടിപ്പിച്ച നബികീർത്തന സമ്മേളനത്തിൽമൗലാനാ മുഹമ്മദ് ഉമർ സാഹിബ് പ്രസംഗിക്കുന്നു.

**മഞ്ചേരി:** മലപ്പുറം മേഖലാ മജ്‌ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിൽ ഡിസംബർ 2,3 തിയ്യതികളിൽ കോട്ടക്കലിൽ നബികീർത്തന യോഗങ്ങൾ നടത്തി.

2-ാം തിയ്യതി മലപ്പുറം മേഖല അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അമീർ ജനാബ് മുഹമ്മദലി മാസ്റ്റർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ കേരളാ ചീഫ് മിഷനറി മൗലനാ മുഹമ്മദ് ഉമർ സാഹിബ് നബികീർത്തന യോഗങ്ങൾ ഉദ്ഘാടനം ചെയ്തു. തുടർന്ന് രണ്ട് ദിവസങ്ങളിലായി മുഹമ്മദുണ്ണി മുസ്ല്യാർ സാഹിബ്, മൗലവി സി.പി. മൊയ്തീൻകുട്ടി സാഹിബ്, മൗലവി ഹിദായത്തുള്ള സഖാഫി, മൗലവി അലി ഹസ്സൻ സാഹിബ്, മൗലവി പി. അബ്ദുൽ നാസിർ സാഹിബ് എന്നിവർ പ്രസംഗിച്ചു. മജ്‌ലിസ് അൻസാറുല്ല സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ്, മേഖലാ നാസിം സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് എന്നിവർ സംബന്ധിച്ചു.

ടി.കെ. മുഹമ്മദ് സാഹിബ്, മൗലവി എൻ. പി. മുഹമ്മദ് സാഹിബ് എന്നിവർ ഖുർആൻ പാരായണം നടത്തി.

## മുഹമ്മദ്നബി(സ)-സമാധാനത്തിന്റെ പ്രവാചകൻ: ഡോ. സലാഹുദ്ദീൻ

സ്വന്തം പ്രതിനിധി

**കോഴിക്കോട്, നവംബർ 10:** മുഹമ്മദ് നബി(സ) അന്ത്യശ്വാസംവരെ സമാധാനത്തിന്റെ ദൂതനായിട്ടാണ് നിലകൊണ്ടതെന്നും അദ്ദേഹം വന്നില്ലായിരുന്നുവെങ്കിൽ ശ്രീകൃഷ്ണൻ, ശ്രീരാമൻ, ശ്രീബുദ്ധൻ തുടങ്ങിയവരുടെ പേരുകൾ കേൾക്കുമ്പോൾ അവർക്ക് സമാധാനമേകാൻ ഇന്നത്തെ ജനങ്ങൾക്ക് ആകുമായിരുന്നില്ലായെന്നും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് പറഞ്ഞു. കോഴിക്കോട് മേഖലാ മജ്‌ലിസ് അൻസാറുല്ലാ സംഘടിപ്പിച്ച നബികീർത്തന സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ശത്രുക്കളാൽ വൻഉപദ്രവങ്ങൾ ഏൽക്കേണ്ടി വന്നപ്പോൾ പോലും അവർക്കുവേണ്ടി പ്രാർത്ഥിച്ച നബിയുടെ മാതൃക മാനവചരിത്രത്തിൽ സമാനതകളില്ലാത്തതാണ്. വിശുദ്ധഖുർആൻ ഒരിക്കലും ആക്രമണത്തെ പ്രോത്സാഹിപ്പക്കുന്നില്ല. യുദ്ധം ചെയ്യുന്നവർക്കു നേരെ തിരിച്ച് യുദ്ധം ചെയ്യുവാനുള്ള അനുവാദം മാത്രമാണ് ഖുർആൻ നൽകിയത്. ഇത് തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടാണ് ഇസ്‌ലാം ആക്രമണങ്ങളെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് പാശ്ചാത്യർ പറയുന്നത്. അദ്ദേഹം തുടർന്നു.

കോഴിക്കോട് മേഖലാ അമീർ എ.പി. കുഞ്ഞാമു സാഹിബ് യോഗം ഉദ്ഘാടനം ചെയ്തു. ഡോ. കെ. കെ.എൻ.കുറുപ്പ്, നജീബ് എഞ്ചിനീയർ, മൗലവി മുഹമ്മദ് ഉമർ സാഹിബ് എന്നിവർ പ്രസംഗിച്ചു. എ.എം. സലീം സാഹിബ് സ്വാഗതം പറഞ്ഞു.


കോഴിക്കോട് മേഖലാ അൻസാറുൽ അഹ്മദിയ്യ സംഘടിപ്പിച്ച നബികീർത്തന യോഗത്തിൽ പ്രശസ്ത ചരിത്രകാരൻ എം.ജി.എസ്. നാരായണൻ പ്രഭാഷണം നടത്തുന്നു.

## ആളെകടിച്ചാൽ നായയ്ക്ക് വധശിക്ഷ

**ബ്രസൽസ്:** അക്രമവാസനയുള്ള നായ്ക്കളെ ശിക്ഷിക്കാൻ ബെൽജിയത്തിൽ നിയമനിർമ്മാണത്തിന് നീക്കം. ആരെയെങ്കിലും കടിച്ചാൽ നഖക്ഷതയ്ക്കുന്നതു മുതൽ വധശിക്ഷവരെ നായയ്ക്ക് ലഭിക്കാം. നായയെ കൂട്ടിൽനിന്ന് പിടിച്ചുകൊണ്ടുപോകുന്നതിന് വാറണ്ടിന്റെ ആവശ്യം പോലുമില്ല. ഇതോടൊപ്പം നായയുടെ ഉടമസ്ഥനെ സൂക്ഷ്മനിരീക്ഷണം നടത്താനും വകുപ്പുണ്ടാകും. അക്രമസംഭവങ്ങൾക്ക് ആറുമാസം തടവുശിക്ഷയെങ്കിലും അനുഭവിച്ചിട്ടുള്ളവർ നായയെ വളർത്തുന്നതിനും നിരോധനമുണ്ടാകും.

## നബികീർത്തന യോഗം

**അലനല്ലൂർ, നവംബർ 25:** അലനല്ലൂർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ നബികീർത്തനയോഗം സംഘടിപ്പിച്ചു. നബിതിരുമേനിയുടെ ജീവചരിത്രത്തെ ആസ്പദമാക്കി സി. സിറാജുൽ മുനീർ സാഹിബ് ക്ലാസ്സെടുത്തു. സി. താരീഖ് അഹ്മദ്, എം. മുനവർ അഹ്മദ്, സി.എസ്. ജുഗ്നു, സി.ഷെനിൽ അഹ്മദ് എന്നിവർ സംബന്ധിച്ചു. ആക്ടിംങ് ഖാഇദ് എം.ഖലീൽ അഹ്മദ് സാഹിബ് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. എം. റിഷാദ് അഹ്മദ് ഖുർആൻ പാരായണം നടത്തി.

## മുബല്ലിഗ് ക്വാർട്ടേഴ്സ് ഉദ്ഘാടനം ചെയ്തു.

**കടലായി:** കടലായി അഹ്മദിയ്യ മുസ്‌ലിം മസ്ജിദിനോടനുബന്ധിച്ച് പുതുതായി നിർമ്മിച്ച മുബല്ലിഗ്-മുഅല്ലിം ക്വാർട്ടേർസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഡിസംബർ 3 ന് ഞായറാഴ്ച മഗ്‌രിബ് നമസ്കാരത്തിനു ശേഷം പള്ളിയിൽ ഇത് സംബന്ധമായി ഒരു പ്രത്യേക യോഗം നടത്തപ്പെട്ടു. ജമാഅത്ത് പ്രസിഡണ്ട് ജ: അബൂബക്കർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത യോഗത്തിൽ മൗലവി മുഹമ്മദ് ഇസ്മയിൽ സാഹിബ് മുഖ്യപ്രഭാഷണം നടത്തി. മൗലവി അബ്ദുസ്സലാം സാഹിബ്, ഖാഇദ് ടി. ആശിഖ് സാഹിബ്, മൗലവി ശഫീഖ് അഹ്മദ് സാഹിബ്, മൗലവി മുഹമ്മദ് ശരീഫ് സാഹിബ്, മൗലവി നാസിർ സാഹിബ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. അതിന് ശേഷം മൗലവി ഇസ്മായീൽ സാഹിബിന്റെ നേതൃത്വത്തിൽ നടത്തിയ ദുആയോടെയാണ് ക്വാർട്ടേർസ് താമസത്തിനായി തുറന്നുകൊടുത്തത്. കടലായി പള്ളിയുടെ നിർമ്മാണത്തിൽ മുഖ്യ പങ്കുവഹിച്ച മർഹൂം അബ്ദുൽ ഹയ്യ് സാഹിബിന്റെ സേവനം പ്രത്യേകം പരാമർശിക്കപ്പെട്ടു.

## രോഗികളെ സന്ദർശിച്ചു

**മാത്തോട്ടം:-** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ മാത്തോട്ടത്തിന്റെ ആഭിമുഖ്യത്തിൽ 10.12.06 ഞായറാഴ്ച കോഴിക്കോട് സർക്കാർ ജനറൽ ആശുപത്രിയിൽ രോഗികളെ സന്ദർശിക്കുകയും നിർദ്ധനരായ രോഗികൾക്ക് മരുന്ന് വാങ്ങിക്കൊടുക്കുകയും ചെയ്തു.

## ഖുദ്ദാമുൽ അഹ്മദിയ്യ ഉയർന്ന് പ്രവർത്തിക്കുക: എ.പി. കുഞ്ഞാമു സാഹിബ്

**കോഴിക്കോട്:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എല്ലാ മേഖലകളിലും ഉയർന്ന് പ്രവർത്തിക്കണമെന്ന് കോഴിക്കോട് മേഖലാ അഹ്മദിയ്യാ മുസ്‌ലിം അമീർ എ.പി. കുഞ്ഞാമു സാഹിബ് പറഞ്ഞു. കോഴിക്കോട് മേഖലാ ഖുദ്ദാം അത്ഫാൽ സ്പോർട്സ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്പോർട്സ്, ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങളുടെ ഭാഗമാണ്. യുവാക്കളാണ് ഏതൊരു പ്രസ്ഥാനത്തിന്റേയും ശക്തി. അതുകൊണ്ട് ശക്തി സ്വയം തിരിച്ചറിഞ്ഞു പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുവാൻ അദ്ദേഹം ഖാദിമീങ്ങളെ ആഹ്വാനം ചെയ്തു. കമ്പളക്കാട്, കൊടിയത്തൂർ, കോഴിക്കോട്, മാത്തോട്ടം തുടങ്ങിയ മജ്‌ലിസുകളിൽ നിന്നുള്ള ഖാദിം, അത്ഫാൽ സഹോദരങ്ങൾ മീറ്റിൽ പങ്കെടുത്തു. കോഴിക്കോട് മേഖലാ അമീർ സാഹിബ്, മൗലവി ഉമർ സാഹിബ്, കോഴിക്കോട് മേഖല സയിം എസ്. സലിം സാഹിബ്, നോർത്ത് ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ എന്നിവർ വിജയികൾക്ക് സമ്മാനം നൽകി.

## രക്ഷിതാക്കളിൽനിന്നുള്ള വേർപ്പെടുത്തൽ കുട്ടികളിൽ മാനസികരോഗ സാധ്യത വർദ്ധിപ്പിക്കുന്നു

**ലണ്ടൻ:** ചെറുപ്രായത്തിൽ കുടുംബപ്രശ്നങ്ങൾ വഴി രക്ഷിതാക്കളിൽ നിന്നും അകറ്റപ്പെടുന്ന കുട്ടികളിൽ മാനസിക അസ്വാസ്ഥ്യങ്ങൾ മറ്റുള്ളവരേക്കാൾ വളർന്നുവരുന്നുവെന്ന് ഇതുസംബന്ധിച്ച പുതിയ പഠനങ്ങൾ തെളിയിക്കുന്നു. ജനിതക വൈകല്യങ്ങൾ കൊണ്ടാണ് മാനസികരോഗങ്ങൾ കൂടുതലായി ഉണ്ടാകുന്നതെന്നാണ് പരമ്പരാഗതമായ കാഴ്ചപ്പാട്. ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സൈക്യാട്രി ഇൻസ്റ്റിറ്റ്യൂട്ട് സൗത്ത് ഈസ്റ്റ് ലണ്ടൻ, ബ്രിസ്റ്റോൾ, നോട്ടിങ്ഹാം എന്നിവിടങ്ങളിലെ മാനസിക വിഭ്രാന്തി കാണിക്കുന്ന 780 പേരിൽ നടത്തിയ പരീക്ഷണങ്ങളിലാണ് പുതിയ കണ്ടെത്തലുകൾ. കുടുംബ ബന്ധങ്ങൾ തകരുന്നതുമൂലം 16 വയസ്സിന് മുമ്പേ രക്ഷിതാക്കളിൽനിന്നും അകറ്റപ്പെടുന്നവരിൽ ഭൂരിഭാഗം പേർക്കും പിന്നീട് മാനസികരോഗങ്ങളുടെ സാധ്യത വളരെ കൂടുതലാണെന്ന് പുതിയ കണ്ടെത്തലുകൾ വ്യക്തമാക്കുന്നു.

## കുടലിൽ ഭ്രൂണവുമായി ആൺകുട്ടി പിറന്നു

**സാന്റിയാഗോ (ചിലി):** ചിലിയിൽ ഒരാൺകുട്ടി കുടലിൽ മറ്റൊരു ഭ്രൂണവുമായി പിറന്നു. ഗർഭകാലത്ത് ഇരട്ടകളിൽ ഒന്ന് മറ്റൊന്നിന്റെ കുടലിൽ അകപ്പെട്ട് ഉള്ളിൽ തന്നെ വളർന്നുവരുന്ന അത്യപൂർവ്വ സംഭവമാണിതിന് കാരണമെന്ന് ഡോക്ടർമാർ അറിയിച്ചു. പ്രസവത്തിനു തൊട്ടുമുമ്പ് അമ്മയെ സ്കാനിങ്ങിന് വിധേയമാക്കിയപ്പോഴാണ് നാല് ഇഞ്ച് നീളമുള്ള ഭ്രൂണത്തെ കണ്ടെത്തിയത്. ഇതിന് കൈകളും പാതിവികസിച്ച സ്പൈനൽ കോഡും ഉണ്ട്. എന്നാൽ തലയില്ലായിരുന്നു. കുട്ടിയുടെ ജനനത്തിനുശേഷം ഭ്രൂണത്തെ ഓപ്പറേഷനിലൂടെ ഡോക്ടർമാർ പുറത്തെടുത്തു. അഞ്ചുലക്ഷത്തിൽ ഒന്നുമാത്രമേ ഇത്തരത്തിൽ ജനിക്കുകയുള്ളൂവെന്ന് ആസ്പത്രി അധികൃതർ പറഞ്ഞു.

## സ്വവർഗ്ഗാനുരാഗി മുസ്‌ലിം നിലപാടുകൾക്കെതിരെ..

ബ്രിട്ടനിൽ നടന്ന ഒരു ടെലിവിഷൻ പരിപാടിയിലൂടെ സ്വവർഗ്ഗാനുരാഗികളുടെ നേതാവ് പീറ്റർ ടാഷൽ മുസ്‌ലിം സംഘടനകളുടെ ഇരട്ടത്താപ്പിനെ വിമർശിച്ചു. ഈ പരിപാടിയിൽ പങ്കെടുത്ത മുസ്‌ലിം സംഘടനാപ്രതിനിധി പീറ്ററിന്റെ വാദത്തിന് നേരായ മറുപടി പറയാതെ ഉരുണ്ടു കളിച്ചപ്പോൾ പ്രേക്ഷകർക്ക് പരിപാടി ഏറെ രസിച്ചു. പീറ്ററുമൊത്ത് സംവാദം നടത്തിയത് ഹിസ്ബ് ഉൽ താഹിർ (HUT) എന്ന മുസ്‌ലിം മതമൗലിക സംഘടനയുടെ പ്രതിനിധിയായ താജിമുസ്തഫ ആയിരുന്നു. ഇദ്ദേഹത്തിന്റെ സംഘടന സ്വവർഗ്ഗാനുരാഗികളെ കൊന്നുകളയണമെന്ന പ്രഖ്യാപനം അടിച്ചിറക്കിയിട്ടുണ്ട്. ഇത് ചൂണ്ടിക്കാട്ടിയാണ് പീറ്റർ ടി.വി സംവാദത്തിൽ വികാരവിവശനായത്. ഈ സംഘടനയുടെ പ്രവർത്തകർ പീറ്റർ ടാഷലിന് നേരെ വ്യക്തിപരമായും കൈയ്യേറ്റ ശ്രമങ്ങൾ നടത്തിയിട്ടുണ്ടത്രെ. എന്തായാലും പീറ്ററിന് മുസ്‌ലിംകളെപ്പറ്റി നല്ലതൊന്നും പറയാനില്ല. സ്ത്രീകളേയും, സ്വവർഗ്ഗാനുരാഗികളേയും അടിച്ചമർത്തുന്ന, സ്വവർഗ്ഗാനുരാഗികളെ അധിക്ഷേപിക്കുന്ന ആളുകളായിട്ടാണ് ഇദ്ദേഹം (?) മുസ്‌ലിംകളെ വീക്ഷിക്കുന്നത്. സ്വതന്ത്രമായി ആശയങ്ങൾ അവതരിപ്പിക്കുന്നതിനും, വിശ്വാസരീതികൾ പിൻപറ്റുന്നതിനും ഇസ്‌ലാം എതിരാണെന്ന് പീറ്റർ കരുതുന്നു. ചുരുക്കത്തിൽ സ്വവർഗ്ഗാനുരാഗികളുടെ നേതാവ് വലിയ ക്ഷോഭത്തിലാണ്.

## വീൽചെയർ നൽകി

**കോഴിക്കോട്:** കോഴിക്കോട് മജ്‌ലിസ് അൻസാറുല്ലായുടെ വകയായി കോഴിക്കോട് ജനറൽ ആശുപത്രിയിലേക്ക് ഒരു വീൽചെയർ നൽകി. ചടങ്ങിൽ ആർ.എം.ഒ., എ. എം. മുഹമ്മദ് സലീം സാഹിബ്, മാത്തോട്ടം ഖാഇദ് ശൗക്കത്തലി സാഹിബ് തുടങ്ങിയവർ സംബന്ധിച്ചു.



(1-ാം പേജിൽനിന്ന്)

വൽക്കരിക്കുന്നവരാണ് ഇവിടെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്. ആചാരാനുഷ്ഠാനങ്ങളുടെയും ദാർശനികതയുടെയും തലങ്ങളാണ് മതങ്ങൾക്കുള്ളത്. എല്ലാ മതങ്ങളുടേയും ദാർശനിക തലം എങ്ങനെ നല്ല മനുഷ്യനാകുമെന്നതാണ്.

പലപ്പോഴും മതത്തിലെ രാഷ്ട്രീയമാണ് പ്രതിയാകുന്നത്. യഥാർത്ഥമതങ്ങൾ ഒരിക്കലും പ്രതിയല്ല. ഇന്ത്യാവിഭജനത്തിന്റെ കാര്യത്തിലും ഇതാണ് സംഭവിച്ചത്. ഇസ്‌ലാമിക തീവ്രവാദം എന്നത് പാശ്ചാത്യസൃഷ്ടിയാണ്. അറേബ്യയിലെ കാടൻജനതയെ സംസ്കാരത്തിന്റെ കേന്ദ്രമാക്കി ഉയർത്തിയത് ഇസ്‌ലാമാണ്. ഡോ. കുറുപ്പ് പറഞ്ഞു.

കണ്ണൂർ മേഖലാ അഹ്മദിയ്യാ മുസ്‌ലിം അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് ഉദ്ഘാടനം ചെയ്തു. ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് അധ്യക്ഷത വഹിച്ചു. കണ്ണൂർ രൂപതാ വികാരി ജനറാൾ ഫാദർ ദേവസ്സി ഈരത്തറ, റിട്ട. പോലീസ് സൂപ്രണ്ട് ടി. രാഘവൻ നായർ, മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് എന്നിവർ സംസാരിച്ചു. ടി. ശറഫുദ്ദീൻ സ്വാഗതവും ശഫിഅഹ്മദ്.പി നന്ദിയും പറഞ്ഞു.

# ഇന്ത്യൻക്രിക്കറ്റ് ടീം: പരാജിതരുടെ തമ്പ്

**അൽഹഖ് സ്പോർട്സ് ഡെസ്ക്**

ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ സൗത്ത് ആഫ്രിക്കൻ പര്യടനം ഒരർത്ഥത്തിൽ സമയത്തിന് യോജിച്ചതാണ്. കാരണം ലോക കപ്പ് പടിവാതിൽക്കലെത്തി നിൽക്കേ, ഇന്ത്യൻ താരങ്ങൾ എങ്ങനെയാണ് കളിയെ സമീപിക്കുന്നതെന്ന കാര്യം ഈ പര്യടനം വെളിവാക്കിത്തന്നു. അതിലുപരി വിജയിക്കാനാവശ്യമായ ഘടകങ്ങൾ മിക്കതും ഇന്ത്യൻ കളിക്കാരിൽ അമ്പേ അവശേഷിക്കുന്നില്ലായെന്നതും ലോകമറിയുന്നുണ്ട് ഈ ഏകദിന പരമ്പരയിലൂടെ. ബാറ്റിന്റേയും പന്തിന്റേയും സാംക്രമികവും സമയബന്ധിതവുമായ സന്തുലനം ഉറപ്പുവരുത്തേണ്ടുന്ന ക്രിക്കറ്റ് കളിയിൽ ഇന്ത്യക്കാർ കാണികളാവുന്നു. ദയനീയമായ പ്രകടനങ്ങളുടെ വലിയ കഥകൾക്കുമീതെ കാണികൾ അമർഷം രേഖപ്പെടുത്തുമ്പോൾ ഇതൊന്നും വലിയ കാര്യമാവുന്നില്ല കളിക്കളത്തിലെ കടലാസ് കടുവകൾക്ക്.



സഹീർഖാൻ: വിക്കറ്റ് കിട്ടിയ അപൂർവ്വവേളകളൊന്നിൽ

ദക്ഷിണാഫ്രിക്ക സത്യത്തിൽ വലിയ അധ്വാനമൊന്നും നടത്തിയിരുന്നില്ല. വേഗത കുറഞ്ഞ ബൗളർമാർക്ക്പോലും എളുപ്പത്തിൽ കാര്യം നേടാൻ കഴിഞ്ഞു. ഇന്ത്യക്കാരുടെ ദൗർബല്യങ്ങളെ വളരെ സുന്ദരമായി കൈകാര്യം ചെയ്ത സൗത്ത് ആഫ്രിക്ക അർഹിക്കുന്ന 4-0 വിജയമാണ് ഏകദിന പരമ്പരയിൽ നേടിയത്. മഴയ്ക്കു നന്ദി പറയണം. മഴ പെയ്ത് കളി മുടങ്ങിയില്ലെങ്കിൽ 5-0 എന്ന നിലയിലാകുമായിരുന്നു പരമ്പര. സകല പ്രതീക്ഷകളും കൈവിടുന്ന നിരാശ ബാധിച്ച ഒരു ടീമിനെ നേരിടുമ്പോൾ ദക്ഷിണാഫ്രിക്ക അനായാസത്തോടെ കളിച്ചതിൽ അത്ഭുതമില്ല.

**എവിടെയാണ് പ്രശ്നം?**

എവിടെയും പ്രശ്നം തന്നെയാണ്. ബൗളർമാരിൽ സ്ഥിരത എന്നൊന്നില്ല. സഹീർഖാൻ ഏറെക്കാലത്തിനുശേഷം മടങ്ങിയെത്തിയെങ്കിലും മൂർച്ച തീരെ കണ്ടില്ല. മുനാഫ് പട്ടേൽ ഉറച്ച ബൗളിങ്ങ് ശേഷി നേടാൻ ഇനിയും കാത്തിരിക്കേണ്ടതാണ്. ഇർഫാൻ പത്താൻ റൺസ് വിട്ടുകൊടുക്കുന്നതിൽ പലപ്പോഴും മുമ്പിൽ നിൽക്കുന്നു. പേസർമാരിൽ അവശേഷിക്കുന്ന മലയാളിതാരം ശ്രീശാന്തിന് അവസരങ്ങൾ മുതലാക്കാനാവുന്നില്ല. അജിത്ത് അഗാർക്കറിന്റെ കാലം ഏറെക്കുറേ കഴിഞ്ഞുവെന്ന് പറയാം. ഹർഭജൻസിംഗിന്റെ ബോളുകൾക്ക് വലിയ ഫലപ്രാപ്തിയൊന്നും കണ്ടില്ല. പിച്ചിന്റെ സ്വഭാവത്തിനനുസരിച്ച് ബോളിംങ്ങിന്റെ ശൈലി മാറ്റാനുള്ള തിരിച്ചറിവ് ഇന്ത്യൻ സ്പിന്നർമാർക്ക് നഷ്ടപ്പെടുന്നു. അനിൽകുംബ്ലേ ടീമിന് വലിയ ബാധ്യതയാവുകയാണ്. പ്രായം കൂടുന്തോറും ഇദ്ദേഹത്തെ ടീമിൽ വലിച്ചുകയറ്റുന്നതെന്തിനാണെന്ന് മനസ്സിലാകുന്നേയില്ല.

ബാറ്റിംങ്ങിൽ ഇന്ത്യ മഹാരഥന്മാരുടെ പടയാണ്. എന്നാൽ സ്വന്തം വിക്കറ്റ് ഉറപ്പിക്കാൻ മാത്രമുള്ള സൈ്ഥര്യംപോലും കടലാസ് മഹാരഥന്മാർക്കില്ല. പവിലിയനിലേക്കുള്ള ഘോഷയാത്ര ഇന്ത്യക്കാരുടെ സവിശേഷതയാണല്ലോ. ഇക്കാര്യത്തിൽ ഒരു പുനർവിചിന്തനം സാധ്യമല്ല. സച്ചിൻ ടെൻഡുൽക്കർ, രാഹുൽദ്രാവിഡ് തുടങ്ങിയവർക്ക് തങ്ങളുടെ ഉത്തരവാദിത്തം ഇനിയും ബോധ്യമാവേണ്ടതുണ്ട്. ടീമിനെ നയിക്കുമ്പോഴുള്ള ഭാരക്കൂടുതൽ ദ്രാവിഡിനെ അലട്ടുന്നുണ്ടാകാം. എന്നാൽ, ബാറ്റിംങ്ങിൽ അടുത്തകാലത്തായി സ്ഥിരം പരാജയപ്പെടുന്നത് 'മി. കൺസിസ്റ്റൻസി'ക്ക് യോജിച്ചതല്ല. സ്വന്തമായ ക്ലാസിക് ക്രിക്കറ്റ് ശൈലി ദ്രാവിഡ് പലപ്പോഴും മറന്നുപോകുന്നു. ഫീൽഡർമാർക്കിടയിലൂടെ ബോളിന് ദിശ കാണിച്ചുകൊടുക്കാനുള്ള തന്ത്രപരമായ പാടവം ദ്രാവിഡ് കൈവിട്ടുകളയുന്നുണ്ട്. നിർണ്ണായകമായ ഘട്ടങ്ങളിൽ ക്യാപ്റ്റൻ കളി മറക്കുമ്പോൾ ടീമിന്റെ പ്രകടനം മൊത്തത്തിൽ പ്രശ്നത്തിലാവുന്നു.

ടെണ്ടുൽക്കർ ഈ പര്യടനത്തിൽ നല്ല പ്രകടനം നടത്തിയത് ആകെ രണ്ടു പ്രാവശ്യം മാത്രം. ഇതാകട്ടെ തീർത്തും ആയാസകരവും. ചുരുക്കത്തിൽ മാസ്റ്റർ ബ്ലാസ്റ്റർ പഴയതിന്റെ നിഴലിലേക്ക് ഒതുങ്ങിപ്പോയിരിക്കുന്നു. സജീവമായ ബാറ്റിങ്ങ് തന്ത്രങ്ങളിലൂടെ ഗ്രൗണ്ടിനേയും കാണികളേയും ത്രസിപ്പിക്കുന്ന സച്ചിൻഇഫക്ട് ദയനീയമായ പ്രതിരോധനാത്മക ക്രിക്കറ്റായി ചുരുങ്ങിപ്പോയിട്ടുണ്ട്. ദ്രാവിഡും തെണ്ടുൽക്കറും മാത്രമല്ല ഇതര ബാറ്റ്സ്മാന്മാരും വലിയ പരാജയങ്ങളെ 'അഭിമാന'പൂർവ്വം തന്നെ തലയിലേറ്റുന്നു. വീരേന്ദ്രർ

(ശേഷം 8-ാം പേജിൽ)

# മാരത്തോൺ സംഘടിപ്പിച്ചു



**കോഴിക്കോട്:** മാത്തോട്ടം മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ സംയുക്താഭിമുഖ്യത്തിൽ മാരത്തോൺ സംഘടിപ്പിച്ചു. രാവിലെ 8.30-ന് നോർത്ത് ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ പരിപാടി ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽനിന്നും ആരംഭിച്ച് 6കി.മീ. അകലെയുള്ള മാത്തോട്ടം മിഷൻ ഹൗസിൽ അവസാനിച്ചു. "എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്" എന്ന സന്ദേശം ഉയർത്തിപ്പിടിച്ച്, സ്പോർട്സ് മീറ്റിനോടനുബന്ധിച്ച് നടന്ന മാരത്തോൺ ഖാദിമീങ്ങളിൽ പുത്തനുണർവ്വ് പകർന്നു. പരിപാടിയിൽ കോഴിക്കോട് മാത്തോട്ടം ഖാഇദുമാരടക്കം 50 ഓളം ഖാദിമീങ്ങളും ഏതാനും അത്ഫാലുകളും പങ്കെടുത്തു.

(1-ാം പേജിൽനിന്ന്)

ണ്ട്."

ഇത് വലിയ ഉദ്ദേശ്യമാണ്. ഇത് നിറവേറ്റാൻ ഒരഹ്മദി പരിശ്രമിക്കേണ്ടതാണ്. അതിലെപ്പോഴും വ്യാപൃതനായിരിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയ പരിശുദ്ധപാഠമനുസരിച്ച് പ്രവർത്തിക്കാതിരിക്കുവോളം, ഈ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനായി ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ സഹായിക്കാൻ ഒരഹ്മദിയ്ക്കും സാധിക്കുകയില്ല. നമ്മുടെ വീടുകളിൽ മൃദുസമീപനവും ഉന്നതമായ സൽസ്വഭാവവും നമുക്ക് കാണാൻ കഴിയുന്നില്ലെങ്കിൽ, സർവ്വവും നഷ്ടപ്പെട്ട, വഴിതെറ്റിപ്പോയ ആളുകൾക്ക് നാം എന്തു വഴി കാണിക്കാനാണ്. എന്നല്ല, അങ്ങനെ വരുമ്പോൾ നാം സ്വയം ആ സർവ്വവും നഷ്ടപ്പെട്ടവരിൽപ്പെട്ടവരാണ്. നന്മയുടെ മാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ചവരാണ്. അതിൽ വിശുദ്ധഖുർആനിലെ പാഠങ്ങളിൽനിന്ന് വ്യതിചലിച്ചവരാണോ എന്ന് ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്. വീട്ടിലും പരിശോധന നടത്തേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അദ്ധ്യാപനങ്ങളിൽനിന്ന് അറിയാതെ അകന്നുപോയിട്ടുണ്ടോ എന്നും സ്വന്തം അഹങ്കാരത്തിന്റെ വലയിൽ കുടുങ്ങിപ്പോയിട്ടുണ്ടോ എന്നും നോക്കേണ്ടതാണ്. ആൺകുട്ടിയും പെൺകുട്ടിയും ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കേണ്ടിവരും. ഭാര്യയ്ക്കും ഭർത്താവിനും പരിശോധിക്കേണ്ടിവരും. ഇരുകൂട്ടരുടേയും ബന്ധുവീട്ടുകാർക്കും പരിശോധിക്കേണ്ടതായിവരും. കാരണം പരാതി ചിലപ്പോൾ ആൺകുട്ടിയിൽനിന്ന് വരുന്നു. ചിലപ്പോൾ പെൺകുട്ടിയിൽനിന്ന് വരുന്നു. ചിലപ്പോൾ ആൺകുട്ടിയുടെ ആൾക്കാർ അക്രമം ചെയ്യുന്നു. ചിലപ്പോൾ പെൺകുട്ടിയുടെ ആൾക്കാർ അക്രമം കാണിക്കുന്നു. പക്ഷേ, അധിക അക്രമവും ഉണ്ടാകുന്നത് ആൺകുട്ടിയുടെ ആളുകളിൽനിന്നാണ്. പരസ്പരമുള്ള ശണ്ഠകളെക്കുറിച്ചുള്ള പ്രശ്നങ്ങൾ അധികമായി ഉണ്ടാകുന്നുവെന്നും അതുകൊണ്ട് അതിനെക്കുറിച്ച് പരിശോധിക്കുക എന്നും കഴിഞ്ഞദിവസം ഞാൻ അമീർ സാഹിബിനോടു പറഞ്ഞു. ആൺകുട്ടികൾ എത്രത്തോളം കുറ്റക്കാരാണെന്നും പെൺകുട്ടികൾ എത്രത്തോളം കുറ്റക്കാരികളാണെന്നും ഇരുപക്ഷത്തുമുള്ള മാതാപിതാക്കൾ എത്രത്തോളം പ്രശ്നങ്ങൾ പെരുപ്പിക്കുന്നതിൽ ഉത്തരവാദികളാണെന്നും അന്വേഷിക്കാനാണ് ഞാൻ പറഞ്ഞത്. പരിശോധിച്ചതനുസരിച്ച് ഒരു കാര്യത്തിൽ പെൺകുട്ടി തെറ്റുകാരിയാണെങ്കിൽ, ഏകദേശം മൂന്നുകാര്യങ്ങളിൽ ആൺകുട്ടി തെറ്റുകാരനാണ്. അതായത്, ആൺകുട്ടിയുടെ അക്രമം കാരണത്താലാണ് കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഏകദേശം 30,40 ശതമാനം പ്രശ്നങ്ങളുണ്ടാകുന്നത് ഇരുപക്ഷത്തുമുള്ള ബന്ധുക്കൾ മുഖേനയാണ്. ഇതിലും ഉത്തരവാദികളെ നോക്കുമ്പോൾ പെൺകുട്ടിയുടെ മാതാപിതാക്കൾ കുറവാണ്. ആൺകുട്ടിയുടെ മാതാപിതാക്കൾ തങ്ങളുടെ സ്വത്ത് കൈവശം വയ്ക്കുന്നതിനുവേണ്ടി, പെൺകുട്ടികൾ വെറുത്ത് സ്വന്തം വീട്ടിലേക്ക് പോകുംവിധമുള്ള കാര്യങ്ങൾ പറഞ്ഞുകളയുന്നു. ഇതും വളരെ മോശമായ രീതിയാണ്. സ്വന്തം മാതാപിതാക്കളെ സേവിക്കുക എന്നത് ആൺകുട്ടിയുടെ ജോലിയാണ്. പക്ഷേ, ഭാര്യയെ ഒപ്പം നിർത്തുകയും വേണം. അത്തരം അവസ്ഥ ഉണ്ടായാൽ, ഭാര്യമാർ പൊതുവെ ഭർത്താവിന്റെ മാതാപിതാക്കളെ നല്ലനിലയിൽ സേവിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ അത്തരം ഒരുപാട് ഉദാഹരണങ്ങളുണ്ട്. അതായത് അമ്മായിയമ്മ തന്റെ മരുമകളെ, തന്റെ കുട്ടികളേക്കാൾ അധികം വിശ്വസിക്കുന്നു. ജമാഅത്തിൽ നന്മയും സൽസ്വഭാവവും തീരെയില്ലാതെ അവസാനിച്ചുപോയി എന്നല്ല പറഞ്ഞത്. അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ. ജമാഅത്തിലെ ഭൂരിപക്ഷജനങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ നന്മയിൽ നിലകൊള്ളുന്നവരാണ്. എന്നാൽ, ഒരു ചീത്തമാതൃകയാണെങ്കിൽപോലും അത് മുമ്പിൽ വരുമ്പോൾ പ്രയാസമുണ്ടാകുന്നു. ഇവിടെ ഞാൻ പരിശോധിച്ചതുപോലെ കാനഡയിലും അമേരിക്കയിലും യൂറോപ്യൻരാജ്യങ്ങളിലെ ജമാഅത്തുകളിലും പരിശോധിക്കുകയാണെങ്കിൽ അവിടെയും ഇതേ ചിത്രം തന്നെയായിരിക്കും മുന്നിൽ വരിക. അതിനാൽ, എല്ലായിടത്തും തർബിയത്ത് വകുപ്പിന് എല്ലാ ലവലിലും, അതായത്, ജമാഅത്തും ശാഖാ സംഘടനകളും പ്രവർത്തനനിരതമാകേ

(ശേഷം 4-ാം പേജിൽ)

## ജൽസയിൽ പങ്കെടുക്കുന്നവർക്കു വേണ്ടി ഹ: മസീഹ് മൗഊദ്(അ) ചെയ്ത പ്രാർത്ഥന

**ഓ** എന്റെ ദൈവമേ, അത്യുദാരനായ എന്റെ ദൈവമേ, ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാനായി യാത്ര ചെയ്യുന്നവരുടെമേൽ നിന്റെ അളവറ്റ പ്രതിഫലങ്ങൾ ഉണ്ടാവുകയും അവരോട് കാരുണ്യം കാണിക്കുകയും ചെയ്യേണമേ. അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിച്ച് അവർക്ക് എളുപ്പത്തെ നീ പ്രദാനം ചെയ്യേണമേ. അവരുടെ വേദനകളും ദുഃഖങ്ങളും മാറ്റേണമേ. എല്ലാ തരം പ്രശ്നങ്ങളും അവരിൽനിന്നും നീ എടുത്തുകളയേണമേ.

വിജയത്തിനുള്ള എല്ലാ മാർഗ്ഗങ്ങളും നീ അവർക്കുവേണ്ടി തുറന്നാലും. അന്തിമവിധിനാളിൽ അവൻ നിന്റെ അനുഗ്രഹവും കരുണയും പാത്രമായവരുടെ കൂട്ടത്തിൽ ഉയർത്തേണമേ. ഈ യാത്ര കഴിയുന്നതുവരെ അവരുടെ സംരക്ഷകനാകേണമേ. ഓ അത്യുദാരനായ എന്റെ ദൈവമേ, കാരുണ്യവാനായ അല്ലാഹുവേ എന്റെ എല്ലാ പ്രാർത്ഥനകളും സ്വീകരിച്ചാലും. ഞങ്ങൾക്കു എതിരാളികളുടെമേൽ നിന്റെ പ്രകാശമാനമായ തെളിവുകൾകൊണ്ട് വിജയം നൽകിയാലും. യഥാർത്ഥ ശക്തിയും അധികാരവുമുള്ളവൻ നീ മാത്രമാണ്. ആമീൻ. (മജ്മൂആ ഇശ്തിഹാറാത്, വാള്യം1, പേജ്. 342)

# അൽ ഹഖ്

നവംബർ 2006

AHMADIYYA NEWS BULLETTIN

നവംബർ 2006 ദുൽകഅദ്


## ധാർമ്മികമായി ഉയരുക

**വ**ളരെ മലീമസമായ ഒരു അന്തരീക്ഷത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. പാശ്ചാത്യരും പൗരസ്ത്യരും കഴിച്ചുകൂട്ടുന്ന ജീവിതം വളരെയധികം വിഷലിപ്തമാണ്. ഈയൊരു സാഹചര്യത്തിൽ നമ്മുടെ യുവത വളരെ കരുതലോടെയാണ് നീങ്ങേണ്ടത്. ധാർമ്മികതയിലധിഷ്ഠിതമായ ജീവിതം നയിച്ചെങ്കിൽ മാത്രമേ മസീഹ് മൗഊദ്(അ) വന്നുകൊണ്ട് ലോകത്ത് വരുത്താനുദ്ദേശിച്ച മാറ്റത്തിന്റെ ഭാഗഭാക്കാകാൻ അഹ്മദികൾക്ക് ആവുകയുള്ളൂ.

നമ്മെ വഴിതെറ്റിക്കുന്ന ഒരുപാട് കാര്യങ്ങൾ നാം ഇടപഴകുന്ന ചുറ്റുപാടുമുണ്ട് എന്നതാണ് വസ്തുത. ഈ ആധുനികയുഗത്തിൽ യുവതികളും യുവാക്കളും അനിയന്ത്രിതമായ രീതിയിൽ ഇടപഴകി സഭ്യേതരമായ സകല അതിർവരമ്പുകളും കടക്കുന്നു. ജീവിതത്തിന്റെ താളങ്ങൾ തെറ്റിപ്പോകുന്ന തരത്തിലുള്ള നിരവധി വഴികൾ തുറന്നുകിടക്കുന്ന ഒരു ചുറ്റുപാടിലാണ് നാം ജീവിക്കുന്നത്. ആധുനിക കണ്ടുപിടിത്തങ്ങൾ ഇന്ന് ഉപകാരത്തിലേറെ, ഉപദ്രവമായി മാറുന്ന അവസ്ഥ കണ്ടുകൊണ്ടിരിക്കുന്നു. കണ്ണഞ്ചിപ്പിക്കുന്ന ചാനലുകളും അശ്ലീലതകൾ നിറഞ്ഞ ഇന്റർനെറ്റും തെറ്റായി ഉപയോഗിക്കുമ്പോൾ വഴിതെറ്റുന്ന യുവാക്കളുടേയും യുവതികളുടേയും എണ്ണം വർദ്ധിപ്പിക്കുന്നു. താലോലിച്ചു വളർത്തിയ മാതാപിതാക്കളെ ധിക്കരിക്കുന്ന കുട്ടികളുടെ കഥകൾ ഇപ്പോൾ നിരവധിയാണ്. പാശ്ചാത്യസംസ്കാരം തങ്ങളിൽ പകർത്താൻ വെമ്പൽകൊള്ളുന്ന മക്കൾ ചാനലുകളുടെയും ഇന്റർനെറ്റിന്റെയും അടിമകളായി തങ്ങൾക്കിഷ്ടമുള്ളതുപോലെ ജീവിക്കാനായി വീടുവിട്ടിറങ്ങുന്ന കഥനകഥകൾ നിരന്തരം നാം കേൾക്കേണ്ടിവരുന്നു. അതോർത്ത് കണ്ണീർ വീഴ്ത്തുന്ന എത്രയെത്ര മാതാപിതാക്കളാണ് നമ്മുടെ മുന്നിലുള്ളത്. മാതാപിതാക്കൾ മനമുരുകി പൊഴിക്കുന്ന ഓരോ കണ്ണുനീർത്തുള്ളിയും മക്കളെ എത്രമാത്രം ദൈവിക ശിക്ഷക്കിരയാക്കുമെന്ന് പക്ഷേ ആരും ചിന്തിക്കാറില്ല. കമ്പ്യൂട്ടറുകളും ഇന്റർനെറ്റും വേണ്ട എന്നല്ല, അതുപയോഗിക്കുന്നത് ശരിയായ രീതിയിലായിരിക്കണമെന്നു മാത്രം. ആധുനിക ദൃശ്യമാധ്യമങ്ങൾ സകലതും യുവമനസ്സുകളെ ഇളക്കാനുതകുന്ന ദൃശ്യങ്ങളാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. ടി.വി. ചാനലുകളിലായാലും ഇന്റർനെറ്റിലായാലും സ്ഥിതി ഇതാണ്. ആധുനിക വിജ്ഞാനസമ്പാദന ഉപാധിയായ ഇന്റർനെറ്റ് നമുക്ക് ഉപയോഗിക്കേണ്ടിവരും. പക്ഷേ, അതുപയോഗിക്കുമ്പോൾ ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽനിന്ന് രക്ഷനേടാൻ പ്രാർത്ഥിക്കേണ്ടതാണ്. കാരണം പിശാച് എപ്പോഴാണ് കടന്നവരുന്നതെന്ന് പറയാനാവില്ല.

നബിതിരുമേനിയുടെ ആഗമനകാലത്തേക്കാൾ അധഃപതിച്ചിരിക്കുന്ന ഒരു ലോകമാണ് ഇന്നുള്ളത്. ഇരുണ്ട കാലഘട്ടത്തെ പ്രകാശമാനമാക്കിയ നബി(സ) തിരുമേനിയുടെ പ്രതിപുരുഷനായി വാഗ്ദത്ത മസീഹ്(അ) ഈ അവസ്ഥ മാറ്റിയെടുക്കാനാണ് വന്നിട്ടുള്ളത്. നാമൊക്കെ അദ്ദേഹത്തെ വിശ്വസിച്ചവരാണ്. അതുകൊണ്ടുതന്നെ അദ്ദേഹം കാട്ടിയ പന്ഥാവിലൂടെ നാം യുവസമൂഹം നടക്കേണ്ടതുണ്ട്. ആ പാത നബിതിരുമേനി വെട്ടിത്തെളിച്ച പാതയാണ്. കാലത്തിന്റെ കുത്തൊഴുക്കിൽപെട്ട് മാഞ്ഞുപോയ ആ പാത ഈ കാലം മസീഹ് മൗഊദ്(അ) രാജപാതയാക്കി മാറ്റിയിട്ടുണ്ട്. ദൈവസാമീപ്യം എന്ന ലക്ഷ്യത്തിലേക്കെത്താനുള്ളതാണ് ആ പാത.

ഈ പാത കയ്യൊഴിഞ്ഞ് സഞ്ചരിക്കാൻ നമ്മുടെ യുവസമൂഹത്തിൽ ചിലരെങ്കിലും തയ്യാറാകുന്നുണ്ട്. മൊബൈൽ ഫോണും കമ്പ്യൂട്ടറും നെറ്റും അതിനായി ദുരുപയോഗം ചെയ്യുന്നു. അതൊരിക്കലും ആയിക്കൂടാ. നമുക്കൊരു ആത്മീയനേതൃത്വമുണ്ട്. ആ നേതൃത്വം നമുക്ക് വഴികാട്ടിയായി എന്നും നമ്മോടൊപ്പമുണ്ട്. ആ ഉപദേശങ്ങൾ നാം നിർബന്ധമായും സ്വീകരിച്ചേപറ്റൂ. ഒപ്പം നാം ഓരോരുത്തരും നമ്മുടെ ജീവിതത്തിൽ പരിശുദ്ധി ആർജ്ജിക്കണം. വാക്കും പ്രവൃത്തിയും തമ്മിൽ ബന്ധമുണ്ടാക്കണം. പരസ്പരം കുറ്റപ്പെടുത്തലുകളിൽനിന്ന് വിട്ടൊഴിയണം. അതിന്നായി പ്രാർത്ഥന അനിവാര്യമാണ്. അല്ലാഹു നമ്മെ ഈ മാലിന്യകൂമ്പാരത്തിൽനിന്നും രക്ഷിക്കട്ടെ. ഹുസൂർ തിരുമനസ്സ് പറഞ്ഞതുപോലെ മനസ്സിൽ ഒരു വേദനയോടെ നമ്മുടെ റബ്ബിനെ വിളിച്ചുകൊണ്ട് അതിനായി പ്രാർത്ഥിക്കാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ അനുവദനീയമല്ലാത്ത എല്ലാ വഴികളും പ്രതീക്ഷകളും എല്ലാ കവാടങ്ങളും അടച്ചുകൊണ്ട് അല്ലാഹുവിന്റെ നേരെ മാത്രം കൈനീട്ടുന്നവരും, അവനോട് അവന്റെ സാമീപ്യം പ്രാപിക്കാൻ സഹായം തേടുന്നവരും അവന്റെ ഹിദായത്തിന്റെ വഴിയിൽ ചുവടുവെച്ചും ഓരോ നന്മയിലും മുന്നോട്ട് ഗമിക്കാൻ ശ്രമിച്ചുംകൊണ്ട് അവന്റെ സഹായം ലഭിക്കുന്നവരായി നാം തീരട്ടെ.

### ഡോ. അബ്ദുസ്സലാം സാഹിബ്

# വൈകിവന്ന പ്രതികരണം

**അവലംബം: ഡെയിലി സ്റ്റാർ പത്രം**

ഡോ. അബ്ദുസ്സലാമിനെ വേണ്ടത്ര ആദരിച്ചില്ല എന്ന് പാക്ക് പത്രങ്ങൾക്ക് ഒടുവിൽ ബോധ്യമായി. അബ്ദുസ്സലാമിനെ പാക്കിസ്ഥാൻ വേണ്ടപോലെ പരിഗണിച്ചില്ലായെന്ന കുറ്റസമ്മതവുമായി പാക്കിസ്ഥാനിലെ 'ഡെയിലി സ്റ്റാർ' പത്രം എഴുതിയ എഡിറ്റോറിയൽ.

ഡോ. അബ്ദുസ്സലാം അന്തരിച്ചിട്ട് പത്തുവർഷം തികയുന്നു. 1979-ലെ നോബൽ സമ്മാന ജേതാവായിരുന്നു അദ്ദേഹം. ഒപ്പം നോബൽ ജേതാവായ ആദ്യ പാക്കിസ്ഥാനിയും. അദ്ദേഹത്തോട് കാണിച്ച സമീപനം തുടർന്നാൽ അബ്ദുസ്സലാം തന്നെയായിരിക്കും അവസാനത്തെ പാക്കിസ്ഥാനി നോബൽജേതാവും. ശാസ്ത്രീയമായ അന്വേഷണങ്ങൾക്ക് ഇനിയും സാധ്യത കല്പിക്കാതിരുന്നാൽ പുറംലോകവുമായി നാം കൂടുതൽ അകലുകയായിരിക്കും ഫലം.

നമ്മൾ ഡോ. അബ്ദുസ്സലാമിനെ ആദരിക്കാൻ മടിച്ചത് അദ്ദേഹം ഭരണഘടനാപരമായി അമുസ്ലിംകളായി പ്രഖ്യാപിക്കപ്പെട്ട അഹ്മദിയ്യാ സമുദായാംഗമെന്ന നിലയിലായിരുന്നു. 1996-ൽ



ഡോ. സലാം നിര്യാതനായപ്പോൾ അദ്ദേഹത്തിന്റെ സംസ്കാരത്തിന് മുൻകൈ എടുക്കാൻ പാക്കിസ്ഥാൻ സർക്കാർ ഭയന്നു. ആയതിനാൽ അഹ്മദിയ്യാ കേന്ദ്രമായ റബ്വയിലാണ് ഡോ. സലാമിന്റെ മൃതദേഹം മറവുചെയ്തത്. റബ്വയെ ആ പേരിൽ അറിയപ്പെടാനും അധികാരികൾ അനുവദിക്കാറില്ല. നിയമത്തിലൂടെ റബ്വയുടെ പേര് ചിനാബ്നഗർ എന്നാക്കിയിട്ടുണ്ട്; അഹ്മദികളോടുള്ള വിപ്രതിപത്തി കാരണം ഡോ. സലാമിനെ സംസ്ക്കരിച്ചപ്പോൾ അഹ്മദികൾ എല്ലാം നിയമാനുസൃതം ചെയ്തില്ലേയെന്ന് പരിശോധിക്കാൻ സമീപപ്രദേശമായ ജംഗിലെ ജനങ്ങൾ റബ്വ സന്ദർശിച്ചിരുന്നു.

ഭരണഘടന എന്താണ് പറയുന്നത്. ഭരണഘടനയനുസരിച്ച് അഹ്മദികൾ മുസ്ലിംകളല്ല. അവർക്ക് സ്വയം മുസ്ലിംകളാണെന്ന് പറഞ്ഞുകൂടാ. ഇത്തരമൊരു ഭരണഘടനാഭേദഗതി കൊണ്ടുവന്നത് വലിയ സോഷ്യലിസ്റ്റും ഉദാര ജനാധിപത്യവാദിയുമായ സുൽഫിക്കർ അലി ഭൂട്ടോ ആയിരുന്നു. ഇത് കൂടുതൽ മുറുക്കിയതാവട്ടെ ദേശാഭിമാനിയായ ജ:സിയാവുൽഹഖും. ചുരുക്കത്തിൽ സിവിലിയന്മാരും, കാക്കിവാലകളും അഹ്മദിയ്യാ വിരോധത്തിൽ യോജിക്കുന്നുവെന്നർത്ഥം.

ഡോ. സലാമിന്റെ ഖബറിന്റെ മീതെ ഡോ. അബ്ദുസ്സലാം-ആദ്യത്തെ മുസ്ലിം നോബൽസമ്മാനജേതാവ് എന്ന ശിലാഫലകം സ്ഥാപിച്ചിരുന്നു. എന്നാൽ, ദിവസങ്ങൾക്കകം മജിസ്ട്രേട്ടിനേയും കൂട്ടി പോലീസെത്തി ഫലകത്തിലെ 'മുസ്ലിം' എന്ന വാക്ക് മായ്ച്ചുകളഞ്ഞു. ഇപ്പോഴവിടെ അവശേഷിക്കുന്നത് 'അബ്ദുസ്സലാം ആദ്യനോബൽ സമ്മാനതജേതാവ്' എന്നുമാത്രം. മജിസ്ട്രേട്ടിന് താൻ ചെയ്തത് എന്താണെന്ന് മനസ്സിലാകുന്നില്ല.

ഡോ.സലാമിന്റെ ഖബർ ഖായിദെ അസം മുഹമ്മദലി ജിന്നയിലൂടെ പാക്കിസ്ഥാൻ നേടിയെടുത്ത മഹത്തായ മുസ്ലിം സംസ്ക്കാരത്തിന്റെ പ്രതീകമാണ് എന്നിവർ മനസ്സിലാക്കുന്നില്ല. പോരാത്തതിന് പാക്കിസ്ഥാനിലെ അന്തരീക്ഷത്തിൽ വെറുപ്പ് കൂടുതൽ വ്യാപൃതമാവുകയുമാണ്. ഡോ. അബ്ദുസ്സലാമിന്റെ ജന്മനാടായ ജംഗിൽ അദ്ദേഹത്തിന്റെ പണം കൊണ്ടുതന്നെ പരിപോഷിപ്പിച്ച സ്കൂളുകളിൽ സമുദായ സൗഹാർദ്ദത്തിന് പകരം ശത്രുത പഠിപ്പിക്കുന്നു. അഹ്മദിയ്യാ സമുദായമാണെങ്കിൽ ദിനംപ്രതി സമ്മർദ്ദത്തിലാവുകയാണ്. സമനില തെറ്റിയ പലരും ഇക്കൂട്ടരെ വിചാരണ ചെയ്യാൻ പാഞ്ഞുനടക്കുന്നു.

1926-ൽ ആണ് ഡോ. അബ്ദുസ്സലാം ജനിച്ചത്. തന്റെ പതിനാലാമത്തെ വയസ്സിൽ പഞ്ചാബ് പ്രവിശ്യായിലെ എക്കാലത്തേയും വലിയ മാർക്ക് നേടിയാണ് സലാം മെട്രിക്കുലേഷൻ പാസ്സായത്. അന്ന് അദ്ദേഹത്തെ സ്വീകരിക്കാൻ

*(ശേഷം 6-ാം പേജിൽ)*

*(3-ാം പേജിൽനിന്ന്)*

ണ്ടത് വളരെ അത്യാവശ്യമാണ്.

കുടുംബബന്ധങ്ങൾ നിലനിറുത്തുന്നതിനും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഇസ്ലാം നമുക്കു എത്ര മനോഹരമായ പാഠമാണ് നല്കിയിട്ടുള്ളത്. എന്നിട്ടും തങ്ങളുടെ തലമുറകളുടെ നാശത്തിനുള്ള സാധനങ്ങൾ ഒരുക്കുന്നതു കാണുമ്പോൾ അത്ഭുതവും ദുഃഖവും തോന്നുന്നു. അല്ലാഹു കരുണചൊരിയുമാറാകട്ടെ.

ഇസ്ലാമികമായ നിക്കാഹിന്റെ വേളയിൽ അല്ലെങ്കിൽ പുരുഷനും സ്ത്രീയുമായ തങ്ങൾ ഇന്ന് അല്ലാഹുവിന്റെ കല്പനയനുസരിച്ച് ഭാര്യാഭർതൃബന്ധത്തിൽ കോർക്കപ്പെടുന്നു എന്ന് വിളംബരം ചെയ്യുന്ന അവസരത്തിൽ പറയപ്പെടുന്ന ദൈവികനിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കാനും നിക്കാഹിന്റെ നേരത്ത് ഓതപ്പെടുന്ന ഖുർആനികവചനങ്ങളനുസരിച്ച് തങ്ങളുടെ ജീവിതത്തെ വാർത്തെടുക്കാനും ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. അവയിൽ ഒന്നാമത്തെ ഉപദേശം തഖ്‌വ അഥവാ ദൈവഭയത്തിൽ പദമൂന്നുക, ദൈവഭയം സ്വായത്തമാക്കുക എന്നതാണ്. ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് വിവാഹത്തിന് സമ്മതിക്കുകയും അത് സ്വീകരിക്കുകയും ചെയ്യുന്നത്. യഥാർത്ഥത്തിൽ നിങ്ങളുടെ ഉള്ളിൽ നിങ്ങളുടെ റബ്ബിനോട് - ജനനം മുതൽ, അല്ല അതിനേക്കാൾ മുമ്പു മുതൽ തന്നെ നിങ്ങളുടെ എല്ലാ ആവശ്യങ്ങളും ശ്രദ്ധിച്ചുപോരികയും പൂർത്തിയാക്കിത്തരികയും ചെയ്തുപോന്ന നിങ്ങളുടെ പ്രിയപ്പെട്ട റബ്ബിനോട് സ്നേഹവും പേടിയുമുണ്ടെങ്കിൽ നിങ്ങൾ അവനിഷ്ടപ്പെട്ട പ്രവൃത്തികളായിരിക്കും എന്നെന്നും ചെയ്യുക. അതിന്റെ ഫലമായി ആ അനുഗ്രഹങ്ങൾക്ക് അനന്തരാവകാശികളാകുകയും ചെയ്യും. ഭാര്യയും ഭർത്താവും ഒരു ഉടമ്പടിയിലൂടെ പരസ്പരം ബന്ധിതരായി. പരസ്പരം ശ്രദ്ധയോടെ ജീവിക്കുമെന്ന് പ്രതിജ്ഞ ചെയ്തു. അപ്പോൾ നല്ലനിലയിൽ ജീവിക്കേണ്ടത് രണ്ടുപേരുടേയും നിർബന്ധ കടമയായിത്തീരുന്നു. അതിനെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി പരസ്പരം അങ്ങോട്ടും ഇങ്ങോട്ടുമുള്ള ബന്ധുക്കളേയും ഓർമ്മിക്കേണ്ടതാണ്. സ്വയം അങ്ങോട്ടും ഇങ്ങോട്ടും ബഹുമാനിക്കുകയും, പരസ്പരമുള്ള വികാരങ്ങൾ മാനിക്കുകയും സ്നേഹിതന്മാരോടും ബന്ധുക്കളോടും ശ്രദ്ധയോടെ പെരുമാറുകയും അവരെ ആദരിക്കുകയും ചെയ്യുമ്പോൾ ബന്ധങ്ങളിൽ വിള്ളലുകൾ ഉണ്ടാക്കാൻ വേണ്ടി അതിൽ ഊതുന്നവരുടെ ആക്രമണം എപ്പോഴും പരാജയപ്പെടുന്നതാണ്. കാരണം നിങ്ങളുടെ അടിത്തറ തഖ്‌വയിലാകുമ്പോൾ, തഖ്‌വയിലൂടെ നടക്കുന്നവരെ അല്ലാഹുതആല ആ സാത്താനിക ദുർബോധനകളിൽനിന്ന് രക്ഷിക്കുന്നതാണ്. ഭാര്യയുടേയും ഭർത്താവിന്റേയും ബന്ധം തഖ്‌വയിലൂടെ നടക്കുന്നതായിത്തീരുമ്പോൾ, എരിവുകേറ്റുന്നവർ എത്രമാത്രം അടുത്തവരാണെങ്കിലും, അവർക്ക് കിട്ടുന്ന മറുപടി എനിക്കെന്റെ ഭാര്യയെ അല്ലെങ്കിൽ ഭാര്യ പറയും എനിക്കെന്റെ ഭർത്താവിനെ നല്ലവണ്ണം അറിയാം, നിങ്ങൾക്കെന്നോട് തെറ്റുധാരണ ഉണ്ടായിരിക്കുന്നു ഇപ്പോൾതന്നെ പ്രശ്നം തീർക്കാം എന്നായിരിക്കും. ഒരു കക്ഷിയെ സംബന്ധിച്ച്, മറ്റേ കക്ഷിയ്ക്ക് വാർത്ത എത്തിച്ചുകൊടുക്കുന്ന വ്യക്തി സത്യവാനാണെങ്കിൽ നിന്റെ ഭാര്യയോട് അല്ലെങ്കിൽ ഭർത്താവിനോട് എന്റെ പേരുപറഞ്ഞ് ചോദിക്കരുതെന്ന് ഒരിക്കലും പറയുകയില്ല. നിങ്ങൾ ചോദിക്കാൻ വേണ്ടിയാണ് താൻ പറഞ്ഞതെന്നും പറയുകയില്ല. കാര്യം പറഞ്ഞിട്ട്, അത് പറയരുതെന്ന് പറയുന്നയാൾ ആരായാലും അവൻ സംബന്ധത്തിൽ വിള്ളലുണ്ടാക്കുന്നവനും അതിൽ അകൽച്ച ഉണ്ടാക്കുന്നവനും കളവ് പറയുന്നവനുമാണെന്നും മനസ്സിലാക്കിക്കൊള്ളുക. ആർക്കെങ്കിലും സഹതാപമുണ്ടെങ്കിൽ, നന്നാക്കിയെടുക്കുക എന്നതാണ് ഉദ്ദേശ്യമെങ്കിൽ ഭാര്യാഭർത്തൃബന്ധം കൂടുതൽ ശക്തിപ്പെടുംവിധമുള്ള കാര്യങ്ങളേ അവൻ പറയുകയുള്ളൂ.

അതുകൊണ്ട് പുരുഷന്മാരും സ്ത്രീകളും ഇരുകൂട്ടരും എപ്പോഴും തഖ്‌വയിലൂടെ പ്രവർത്തിക്കേണ്ടതാണെന്നും ബന്ധം ശക്തിപ്പെടുന്നതിനായി ദുആ ചെയ്യേണ്ടതാണെന്നും പരസ്പരമുള്ള ബന്ധുക്കളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണെന്നുമുള്ള കാര്യം എപ്പോഴും മുന്നിൽ കാണേണ്ടതാണ്. എന്തെങ്കിലും കാര്യം കേട്ടാൽ, പറയുന്നയാൾ എത്ര അടുത്തവനാണെങ്കിലും ഭാര്യയും ഭർത്താവും പരസ്പരം ഇരുന്നുകൊണ്ട് സന്തോഷത്തോടും സ്നേഹത്തോടും കൂടി അക്കാര്യത്തെ പരിഹരിക്കേണ്ടതാണ്; തെറ്റായ കാര്യങ്ങൾ പറയുന്നവന്റെ കള്ളി വെളിച്ചത്താകുന്നതിനുവേണ്ടി. അതെല്ലാം മനസ്സിൽ കൂട്ടിവെച്ചുകൊണ്ടിരിക്കുകയാണെങ്കിൽ വെറുപ്പും, അകൽച്ചയും ഉണ്ടാകുമെന്നല്ലാതെ, കുടുംബം തകരുമെന്നല്ലാതെ ഒന്നും തന്നെ ലഭിക്കുകയില്ല. ദൈവഭയത്തോടെ നടക്കാത്തതുകൊണ്ട് ചിലപ്പോൾ മറ്റുള്ളവർ പറയുന്നതുകേട്ട്, അല്ലെങ്കിൽ പരിസരവാസികളുടെ സമ്മർദ്ദംകൊണ്ട് ചിലർ സ്വന്തം ഭാര്യയുടെ മേൽ വളരെ ഗുരുതരമായ ആക്ഷേപം ഉന്നയിക്കുന്നു. കാരണം അല്ലാഹുവിനെക്കുറിച്ചുള്ള ഭയം മനസ്സിലുണ്ടാകുകയില്ല. രണ്ടാം

*(ശേഷം 5-ാം പേജിൽ)*

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

### മുൻശി ഇമാമുദ്ദീൻ സാഹിബ് പട്ട്‌വാരി(റ)

പി.കെ. വാഴക്കാല

ബട്ടാലയിൽനിന്ന് ഏകദേശം നാല് മൈൽ ദൂരെ ഗുർദാസ്പൂർ റോഡിലുള്ള ദർശൻസിംഗ് എന്ന ഗ്രാമത്തിൽ 1863-ൽ ജനനം. നിയമം പഠിച്ച് പട്ട്‌വാരിയായി ജോലിയിൽ പ്രവേശിക്കുകയും 35 കൊല്ലക്കാലം ശ്ലാഘനീയമായ നിലയിൽ സേവനമനുഷ്ഠിക്കുകയും ചെയ്തു. ഭാര്യാസഹോദരനായിരുന്ന മുൻശി അബ്ദുൾ അസീസ് സാഹിബിൽ നിന്നാണ് അഹ്മദിയ്യാ സന്ദേശം ലഭ്യമാകുന്നത്. 1894-ൽ ഹദ്റത്ത് അഹ്മദ്(അ)ന്റെ തിരുകരങ്ങളിൽ ബയ്അത്ത് ചെയ്തു. തന്റെ ബയ്അത്തിനെ മുൻശിജി ഇങ്ങനെ അനുസ്മരിക്കുന്നു. "അല്ലാഹുവിന്റെ മസീഹും മറ്റ് പീർമാരും തമ്മിൽ എത്തരത്തിലുള്ള അന്തരമാണുള്ളത്. 1894-ലാണ് ഞാൻ ബയ്അത്ത് ചെയ്യുന്നത്. വൈകുന്നേര നമസ്കാരത്തിനു ശേഷം ഹുസൂർ തിരുമനസ്സ് എന്നെ ബയ്ത്തുൽ ഫിക്റിലേക്ക് വിളിച്ചു. ഞാൻ അകത്ത് പ്രവേശിച്ചപ്പോൾ ഹുസൂർ കട്ടിലിന്റെ കാൽഭാഗത്തിരുന്നുകൊണ്ട് വിനീതനോട് തലഭാഗത്തിരിക്കാൻ നിർദ്ദേശിച്ചു. വിനയപൂർവ്വം ഹുസൂറിന്റെ നിർദ്ദേശം ഞാൻ നിരസിച്ചപ്പോൾ അവിടന്ന് വീണ്ടും ഇരിക്കുവാൻ ആവശ്യപ്പെട്ടു. ഞാനിരുന്നപ്പോൾ ഹുസൂർ എന്റെ കയ്യിൽ നിന്നും ബയ്അത്ത് വാങ്ങി. പീർമാരോടൊപ്പം ആർക്കും ഇരിക്കുവാൻ കഴിയില്ല. എന്നാൽ ദൈവത്തിന്റെ വരിഷ്ഠദാസൻ ഈ നിസ്സാരനായ എന്നെ ആദരിച്ച് ഒപ്പം ഇരുത്തുന്നു."

ഏകദേശം ഒരു കൊല്ലത്തിനുള്ളിൽ ഭാര്യയും ബയ്അത്ത് ചെയ്തു. പിന്നീട് മറ്റുള്ളവരിലേക്ക് സന്ദേശം എത്തിക്കുന്നതിൽ വ്യാപൃതനായി. തത്ഫലമായി ലോയുപ്, ഗവാൻവാലി ജമാഅത്തുകൾ സ്ഥാപിതമായി. ഖാദിയാനിലേക്കുള്ള ഹിജ്റത്തിനുശേഷം പതിനഞ്ച് ദിവസത്തോളം വഖ്ഫ് ചെയ്ത് തബ്‌ലീഗിനായി ഗ്രാമങ്ങളിലേക്ക് പോയ്ക്കൊണ്ടിരുന്നു. പ്രചാരണരംഗത്തുള്ള എതിർപ്പുകളെയും പീഡനങ്ങളേയും സന്തോഷപൂർവ്വം ഏറ്റുവാങ്ങി. തബ്‌ലീഗിനുള്ള ആവേശം എത്രമാത്രമായിരുന്നുവെന്നാൽ, 1938 ജൽസാസാലാനക്ക് മുമ്പേ അദ്ദേഹം രോഗാതുരനായി. എല്ലാ അഹ്മദികളും വർഷത്തിൽ ചുരുങ്ങിയത് ഒരാളെയെങ്കിലും അഹ്മദിയാക്കണം എന്ന് ഖലീഫത്തുൽ മസീഹിന്റെ ആഹ്വാനമുണ്ടായി. അല്ലാഹു അനുഗ്രഹിച്ചാൽ താനും ഒരാളെ അഹ്മദിയാക്കുന്നതാണെന്ന് രോഗശയ്യയിൽ കിടന്ന് മുൻശിജിയും വാഗ്ദാനം ചെയ്തു. പിന്നീട് തന്നെ സന്ദർശിക്കാനെത്തുന്ന അനുഭാവികളെ കൂടുതൽ ഊർജ്ജിതമായി തബ്‌ലീഗ് ചെയ്യാനാരംഭിച്ചു. ആഗ്രഹത്തിന് ഫലമുണ്ടായി. നിശ്ചിതസമയത്തിനുള്ളിൽ തന്നെ രണ്ട് സഹോദരങ്ങൾ ബയ്അത്ത് ചെയ്തു.

പ്രവാചകന്മാർ എല്ലാ അദൃശ്യകാര്യങ്ങളും അറിയുന്നില്ല. എന്നാൽ ശിഷ്യന്മാരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ ശിക്ഷണത്തിനുമായി അല്ലാഹു പല കാര്യങ്ങളും സമയാസമയങ്ങളിൽ നബിമാരുടെ നാവിൽകൂടി പ്രകടമാക്കുന്നു. ഇത്തരത്തിലുള്ള ഒരനുഭവം മുൻശിജി പങ്കുവെക്കുന്നു.

''ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ശിഷ്യഗണത്തോടൊപ്പം ഫജർ നമസ്കാരാനന്തരം മസ്ജിദ് മുബാറക്കിൽ ഇരിക്കുകയായിരുന്നു. ഹുസൂറിന്റെ വാദം താൻ വാഗ്ദത്ത മസീഹാണെന്നാണല്ലോ. അപ്പോൾ വരാനുള്ള മഹ്ദി മറ്റാരെങ്കിലുമാണോ? ഈ സംശയം എന്റെ മനസ്സിലുദിച്ചതേയുള്ളൂ. ഹുസൂർ സംസാരിക്കുവാനാരംഭിച്ചു. തന്റെ സംസാരത്തിൽ താൻ മുസ്‌ലിംകൾക്കാഗതനാകേണ്ടുന്ന മഹ്ദി അഥവാ നബിതിരുമേനി(സ)യുടെ പ്രതിപുരുഷനാണെന്നും ക്രൈസ്തവർക്കായി മസീഹ് അഥവാ ഈസാനബിയുടെ സദൃശ്യനാണെന്നും വളരെ വിശദമായ നിലയിൽതന്നെ വിശദീകരിച്ചു.''

മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവിയുമായി ബന്ധപ്പെട്ട ഒരു കേസ്സ് ധാരീവാളിൽ നടക്കുകയായിരുന്നു. മിർസാ പലപ്പോഴായി രക്ഷപ്പെട്ടുപോരുന്നു. ഇനി എന്റെ കൈയിൽ നിന്ന് ഇയാൾക്ക് രക്ഷപ്പെടാൻ കഴിയില്ല എന്ന് മുഹമ്മദ് ബക്ഷ് എന്ന പോലീസുദ്യോഗസ്ഥൻ മുൻശിജയോട് പറഞ്ഞു. മുൻശിജി ഹുസൂർ തിരുമനസ്സിനെ വിവരം അറിയിച്ചപ്പോൾ ''മിയാൻ ഇമാമുദ്ദീൻ!

(ശേഷം 6-ാം പേജിൽ)

(4-ാം പേജിൽ നിന്ന്)

വിവാഹം കഴിക്കണമെന്ന താൽപര്യത്തിൽ- ചിലപ്പോൾ ചിലരുടെ മനസ്സിൽ ഇത്കൂടി കയറാറുണ്ട്- ഒരു കൂസലും കൂടാതെ ആദ്യഭാര്യയുടെമേൽ കുറ്റം ആരോപിക്കുന്നു. രണ്ടാം വിവാഹം കഴിക്കാൻ ആർക്കെങ്കിലും താൽപര്യമുണ്ടെങ്കിൽ, അനുവദനീയമായ ആവശ്യമാണെങ്കിൽ വിവാഹം കഴിച്ചോ. പക്ഷേ, പാവം ആദ്യഭാര്യയ്ക്ക് ദുഷ്പേരുണ്ടാക്കരുത്.

ചിലപ്പോൾ, തന്ത്രംമെനഞ്ഞു നടക്കുന്ന പുരുഷന്മാർ തന്റെ ഭാര്യ അനുസരണംകെട്ടവളാണെന്ന് ആക്ഷേപം പറഞ്ഞുനടക്കാറുണ്ട്. പറയുന്നതൊന്നും കേൾക്കുന്നില്ലത്രെ! തന്റെ മാതാപിതാക്കളെ ബഹുമാനിക്കുന്നില്ലെന്ന് മാത്രമല്ല, അവരെ ദ്രോഹിക്കുകയും ചെയ്യുന്നു! തന്റെ സഹോദരന്മാരോടും സഹോദരിമാരോടും വഴക്കിടുന്നു. കുട്ടികളെ തനിക്കെതിരിൽ ഇളക്കിവിടുന്നു. പരിസരവാസികളോട് തന്റെ വീട്ടിലെ കാര്യങ്ങൾ പറഞ്ഞ് തങ്ങൾക്ക് ദുഷ്പേരുണ്ടാക്കുന്നു. ഇതൊക്കെയാണ് അത്തരക്കാരുടെ ആക്ഷേപം.

ഇതിനെ സംബന്ധിച്ച് വ്യക്തമായ കല്പനകളുണ്ട്. അല്ലാഹു പറയുന്നു: ***വല്ലാത്തീ തഖാഫൂന നുശൂസഹുന്ന ഫഇളൂഹുന്ന വഹ്ജുറൂഹുന്ന ഫിൽമളാജിഅി വള്രിബൂഹുന്ന***. ഏത് സ്ത്രീകളിൽ നിന്ന് നിങ്ങൾ അനുസരണക്കേട് (ഉണ്ടാകുമെന്ന്) ഭയപ്പെടുന്നുവോ ആദ്യമായി അവരെ നിങ്ങൾ ഉപദേശിക്കുക. അത് ഫലിച്ചില്ലെങ്കിൽ ശയ്യാതലങ്ങളിൽ അവരെ വേർപ്പെടുത്തുക. എന്നിട്ടും അനുസരിക്കുന്നില്ലെങ്കിൽ അവശ്യം വന്നാൽ നിങ്ങൾ അവർക്ക് ശാരീരികമായ ശിക്ഷ നല്കുക. (4:35)

അതായത്, ആദ്യത്തേത് കാര്യം മനസ്സിലാക്കിക്കൊടുക്കുക എന്നതാണ്. മനസ്സിലാക്കാതെ തെറ്റിന്റെ പാരമ്യതയിൽതന്നെ നില്ക്കുകയാണെങ്കിൽ, പരിസരത്ത് ദുഷ്പേര് ഒരുപാട് അധികമായിക്കൊണ്ടിരിക്കുകയാണെങ്കിൽ, ശാസിക്കാൻ അനുവാദമുണ്ട്. പക്ഷേ, അക്കാര്യത്തെ ഒരു മറയാക്കി ചെറിയ ചെറിയ കാര്യങ്ങളുടെ പേരിൽ ഭാര്യയുടെമേൽ അക്രമം പ്രവർത്തിച്ചുകൊണ്ട് മുറിവേല്ക്കുംവിധം അടിക്കാനുള്ള അനുവാദമില്ല. ഇത് അങ്ങേയറ്റം അക്രമപരമായ പ്രവൃത്തിയാണ്. നബി(സ) തിരുമേനിയുടെ ഈ ഹദീസ് എപ്പോഴും മുന്നിൽ വയ്ക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു, ഇനി ശിക്ഷ നല്കി നന്നാക്കേണ്ട ഘട്ടം വന്നെത്തിയാൽതന്നെ, ശരീരത്തിൽ പാടുവീഴാത്ത വിധം മാത്രമേ ശിക്ഷിക്കാവൂ. അല്ലാതെ എന്റെ ശബ്ദത്തേക്കാൾ നീ ശബ്ദം ഉയർത്തിയതെന്തിന്? എന്തിനാണ് എനിക്കിങ്ങനെ റൊട്ടി ഉണ്ടാക്കിയത്? എന്റെ ബാപ്പയോടും ഉമ്മയോടും എന്തിനാണ് നീ ഇന്ന കാര്യം പറഞ്ഞത്? എന്തിന് അങ്ങനെ ചെയ്തുവെന്ന് പറഞ്ഞു?തുടങ്ങി ചെറിയ ചെറിയ കാര്യങ്ങൾക്ക് ഭാര്യയെ അടിക്കാൻ അനുവാദമില്ല.

അതുകൊണ്ട് അല്ലാഹുവിന്റെ കല്പനകളെ സ്വയേഷ്ടപ്രകാരം വാർത്തെടുക്കാൻ ശ്രമിക്കാതിരിക്കുക, അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹു പറയുന്നു: അങ്ങേയറ്റം മോശമായ കാര്യം നിങ്ങളുടെ ഭാര്യ ചെയ്യുകയും അതിന് നിങ്ങൾക്ക് തീരുമാനമെടുക്കേണ്ടി വരികയും ചെയ്താൽ, നിങ്ങളുടെ മനസ്സിൽ ഒരിക്കലും വിദ്വേഷമുണ്ടാകരുത്. അവർ നിങ്ങളെ പൂർണ്ണമായും അനുസരിക്കാൻ തുടങ്ങിയാൽ അതിക്രമം പ്രവർത്തിക്കുകയും ചെയ്യരുത്.

നിങ്ങൾ അവരേക്കാൾ കൂടുതൽ പ്രബലരും ശക്തരുമായി മനസ്സിലാക്കുന്നുവെങ്കിൽ ഓർമ്മിച്ചുകൊള്ളുക. അല്ലാഹു നിങ്ങളേക്കാൾ ഒരുപാട് ശക്തനും പ്രബലനുമാണ്. നിങ്ങൾക്ക് സ്ത്രീകളുടെ മുമ്പിൽ എന്തെങ്കിലുമൊക്കെ വിലയും നിലയുമുണ്ടാകാം. എന്നല്ല, നിങ്ങൾ തമ്മിൽ തുല്യമായ വിലയും നിലയുമാണുള്ളത്. പക്ഷേ, അല്ലാഹുവിന്റെ മുമ്പിൽ നിങ്ങൾക്കൊരു വിലയുമില്ല. അതുകൊണ്ട് അല്ലാഹുവിനെ ഭയപ്പെടുക. ഈ പ്രവർത്തനങ്ങളിൽനിന്നെല്ലാം സ്വയം പിന്മാറുക.

വിവാഹം കഴിയുന്നു, അതോടെ വെറുപ്പും തുടങ്ങുന്നു. എന്നല്ല, വിവാഹ നേരത്തുതന്നെ വെറുപ്പുണ്ടാകാൻ തുടങ്ങി. എന്തിനാണ് ഇങ്ങനെ വിവാഹം നടത്തുന്നത്? ഈ രാജ്യങ്ങളിൽ ഇത്തരക്കാരുടെ എണ്ണം വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അഹ്മദികളും തങ്ങളിൽ മറ്റുള്ളവരുടെ നിറം പിടിപ്പിക്കുന്നു. വാസ്തവത്തിൽ അല്ലാഹു അഹ്മദികൾക്ക് സ്വന്തം ദീനിന്റെ നിറം പിടിപ്പിക്കുന്നതിനായിട്ടാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദീനിൽ പങ്കുചേരാൻ തൗഫീഖ് നൽകിയിട്ടുള്ളത്. വിവാഹം കഴിഞ്ഞാൽപിന്നെ ഒരുമിച്ച് ജീവിക്കുകയാണ് വേണ്ടത്. ഇഷ്ടത്തിനൊത്ത വിവാഹമല്ലെങ്കിൽത്തന്നെയും പരസ്പരം മനസ്സിലാക്കുകയും നിങ്ങളുടെ നിക്കാഹ് വേളയിൽ നിങ്ങൾ കേട്ട ആ ഉപദേശങ്ങളിൽ തഖ്‌വയിലൂടെ നടക്കുക എന്ന ഉപദേശത്തിൽ ചിന്തിക്കുകയും വേണമായിരുന്നു. എന്നിട്ടും, എല്ലാം ചെയ്തതിനുശേഷവും വെറുപ്പ് വർദ്ധിക്കുകയാണെങ്കിൽ അന്തിമതീരുമാനമെന്തെങ്കിലും എടുക്കാവുന്നതാണ്. അതിനു മുമ്പെ ഇടയിൽ മൂന്നാമതൊരാളെ നിശ്ചയിക്കുകയും ബന്ധുക്കളെക്കൊണ്ട് സംസാരിപ്പിക്കുകയും ചിന്തിക്കുകയും

(ശേഷം 8-ാം പേജിൽ)



## റോഡും പരിസരപ്രദേശങ്ങളും ശുചീകരിച്ചു

**കൊടിയത്തൂർ:-** കേരളത്തിൽ പടർന്നുപിടിച്ച ചിക്കുൻഗുനിയ രോഗത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ നിർദ്ദേശാനുസരണം കൊടിയത്തൂർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രവർത്തകർ കൊടിയത്തൂർ യു. പി. സ്കൂൾ റോഡും പരിസരപ്രദേശങ്ങളും ശ്രമദാനത്തിലൂടെ ശുചീകരിച്ചു. ശുചീകരണ പ്രവർത്തനം കൊടിയത്തൂർ പഞ്ചായത്ത് മെമ്പർ ശ്രീ. പി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

മജ്‌ലിസ് അൻസാറുല്ലാ കണ്ണൂർ മേഖലയുടെ ആഭിമുഖ്യത്തിൽ

**എക്സിബിഷൻ അൽഖുർആൻ ഇന്റർനാഷണൽ-2007**

കണ്ണൂർ പോലീസ് മൈതാനിയിൽ ഫെബ്രുവരി ആദ്യവാരം മുതൽ ആരംഭിക്കുന്നു.

## തിരുത്ത്

കഴിഞ്ഞലക്കം അൽഹഖിൽ 'പിന്നിട്ടനാളുകൾ' എന്ന പംക്തിയിൽ പ്രൊഫ. മുഹമ്മദ് സാഹിബിനെ കുറിച്ച് എഴുതിയതിൽ ചില അബദ്ധങ്ങൾ വന്നുപോയിരിക്കുന്നു. മുഹമ്മദ് സാഹിബിന്റെ പിതാമഹൻ ആമു സൂപ്രണ്ടിന് ബ്രിട്ടീഷുകാർ അവർക്ക് നൽകിയ സേവനങ്ങൾ പരിഗണിച്ച് ഒരു ബംഗ്ലാവ് സമ്മാനിച്ചു എന്നത് ശരിയല്ല. 1931-ൽ അദ്ദേഹം അത് വിലകൊടുത്തു വാങ്ങിയതാണ്. അതുപോലെ മുഹമ്മദ് സാഹിബിന്റെ പിതാവ് തലശ്ശേരിയിലെ കാടാങ്കണ്ടി ചന്ദ്രോത്ത് തറവാട്ടിലാണെന്നും ഉമ്മ കണ്ണൂരിലെ മണ്ണൻകടിയൻ തറവാട്ടിലാണെന്നും തിരുത്തി വായിക്കാനപേക്ഷ. തെറ്റ് സംഭവിച്ചതിൽ ക്ഷമ ചോദിക്കുന്നു.

- എഡിറ്റർ

## കഴിഞ്ഞകാലത്തെ ഇസ്‌ലാമിക ശാസ്ത്രജ്ഞൻ



ജാബിർ ഇബ്നു ഹയ്യാൻ

(കെമിസ്ട്രി) മരണം 803 C.E.

## ഖുർആൻ

"'ഹജ്ജുകാലം സുപരിചിതങ്ങളായ മാസങ്ങളാകുന്നു. അതിനാൽ ആ മാസങ്ങളിൽ ആരെങ്കിലും ഹജ്ജ് നിർവ്വഹിക്കുമെന്ന് ഉറച്ചുകഴിഞ്ഞാൽ പ്രേമസല്ലാപമോ അതിക്രമമോ ദുർവിവാദമോ ഹജ്ജിൽ പാടുള്ളതല്ല. നന്മയുടെ ഏതുകാര്യം നിങ്ങൾ ചെയ്താലും അത് അല്ലാഹു അറിയുന്നു. യാത്രയ്ക്ക് ആവശ്യമായ വിഭവങ്ങൾ കരുതിക്കൊള്ളുക. തീർച്ചയായും ഏറ്റവും നല്ല കരുതൽ വിഭവം തഖ്‌വയാകുന്നു. ബുദ്ധിമാന്മാരെ, നിങ്ങൾ എന്നെ മാത്രം ഭയപ്പെടുക. " (*2:198*)

## നബിവചനം

"ഒരാൾ അല്ലാഹുവിനുവേണ്ടി ഹജ്ജ് കർമ്മം നിർവ്വഹിക്കുകയും അനാവശ്യ വാക്കുകൾ പറയാതിരിക്കുകയും അക്രമം പ്രവർത്തിക്കാതിരിക്കുകയും ചെയ്താൽ അയാൾ തന്റെ മാതാവ് പ്രസവിച്ച നാളിൽ എത്രത്തോളം പാപരഹിതനായിരുന്നുവോ അതുപോലെ ആയിത്തീരും." (*ബുഖാരി*)

## യുഗശബ്ദം



അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളതുപോലെ ശാശ്വതമായ ദൈവികദാസ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യസമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധന കാരണം മനുഷ്യസമുദായത്തിൽ രൂപമെടുത്തിട്ടുള്ള ഭിന്നതകൾ തന്നെയും പൂർണ്ണമായ മനുഷ്യഐക്യത്തിനുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യസമുദായത്തിൽ ഏകതയുടെ വിഭിന്ന ശാഖകൾ സ്ഥാപിച്ചുകൊണ്ട് പിന്നീട് പൂർണ്ണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനാണ് ദൈവം ഇച്ഛിച്ചിരിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിലും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം പരിചയപ്പെടുത്തുന്നതിന് സൗകര്യവും എളുപ്പവും ഉണ്ടാക്കുകയും അവർ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം. സമുദായങ്ങളുടെ ചെറിയ ചെറിയ ഘടകങ്ങൾ തമ്മിൽ പരിചയപ്പെടുന്നതോടെ മുഴുവൻ സമുദായങ്ങളേയും ഒരു സമുദായമാക്കി ഒന്നിപ്പിക്കുവാനാണ് ദൈവം ഇച്ഛിച്ചിരിക്കുന്നത്. ഉദാഹരണമായി ഒരാൾ ഒരു തോട്ടം നിർമ്മിക്കുന്നുവെന്നിരിക്കട്ടെ. തോട്ടത്തിലെ വ്യത്യസ്തങ്ങളായ ചെടികളെ വ്യത്യസ്തങ്ങളായ ഗണങ്ങളായി വേർതിരിക്കുകയും അതിൽപിന്നെ തോട്ടത്തിനു ചുറ്റുമായി മതിൽ കെട്ടി വൃക്ഷങ്ങളെയെല്ലാം ഒരു വൃത്തത്തിനുള്ളിൽ ഒരുക്കുകയും ചെയ്യുന്നു. ഇതിലേക്കുതന്നെയാണ് വിശുദ്ധ ഖുർആൻ സൂചന നൽകിയിരിക്കുന്നത്.

"ഓ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നബിമാരെ, വിവിധ സമുദായങ്ങളിൽനിന്ന് ലോകത്ത് ഒരുമിച്ചുകൂടിട്ടുള്ള ഈ മുസ്‌ലിംകളായ നിങ്ങളെല്ലാവരും ചേർന്ന് ഒരു സമുദായം ആകുന്നു. അവർ എല്ലാവരിലും വിശ്വസിക്കുന്നു. ഞാൻ നിങ്ങളുടെ ദൈവം ആയിരിക്കയാൽ നിങ്ങളെല്ലാം ഒന്നുചേർന്നു എന്നെ ആരാധിക്കുവിൻ."

ഈ അനുക്രമമായ ഐക്യത്തിന്റെ ഉദാഹരണം ഇതാണ്. ഓരോ മഹല്ലിലേയും ആളുകൾ തങ്ങളുടെ മഹല്ലുകളിലെ പള്ളികളിൽ അഞ്ചുനേരം ഒരുമിച്ച് കൂടുന്നതിന് കല്പിച്ചു. പിന്നീട് പട്ടണത്തിലെ മുഴുവൻ ജനങ്ങളും ഏഴാം ദിവസം 'ജാമിഅ മസ്ജിദിൽ' അതായത് എല്ലാവർക്കും ഒരുമിച്ചുകൂടാൻ സൗകര്യമുള്ള വലിയൊരു പള്ളിയിൽ ഒന്നിച്ചുചേരാൻ കല്പിച്ചു. പിന്നെ കൊല്ലത്തിലൊരിക്കൽ മുഴുവൻ നഗരങ്ങളിലേയും ചുറ്റുവട്ടത്തെ ഗ്രാമങ്ങളിലേയും ജനങ്ങൾ ഈദ്ഗാഹിൽ ഒന്നിക്കുവാൻ കല്പിച്ചു. പിന്നീട് ജീവിതത്തിലൊരിക്കൽ ലോകത്ത് മുഴുവനുമുള്ള ജനങ്ങൾ ഹജ്ജിന്റെ അവസരത്തിൽ ഒരിടത്ത് അതായത് പരിശുദ്ധമക്കയിൽ സമ്മേളിക്കുവാനും കല്പിച്ചു. അങ്ങനെ അല്ലാഹു ക്രമത്തിൽ ക്രമത്തിലായി സമുദായത്തിന്റെ ഐക്യം ഹജ്ജ് വേളയിൽ പരിപൂർണ്ണതയിലെത്തിച്ചു.

**(*ചശ്മയെ മഅ്‌രിഫ*)**

*ചരിത്രരേഖകൾ.....................2* — *സമ്പാ: ടി. ശറഫുദ്ദീൻ*

# പരസ്യം

**സത്യദൂതൻ ആരംഭിക്കുന്നതിനു മുന്നോടിയായി 1924 ൽ പ്രസിദ്ധീകരിച്ച പരസ്യ സർക്കുലർ**

**786**

**1005**

സത്യപ്രചരണത്തിങ്കൽ തല്പരന്മാരായ മഹത്തുക്കളെ! "നിങ്ങളിൽ ദൈവികസമാധാനം ഉണ്ടാകട്ടേ."

മതാന്ധകാരം മലയാളദേശമൊട്ടുക്കു എത്രകണ്ട് വ്യാപിച്ചിരിക്കുന്നു എന്നും തന്മൂലം, നാനാജാതിമതസ്ഥന്മാരടങ്ങിയ നമ്മുടെ നാട്ടുകാരുടെയിടയിൽ വേരുപിടിച്ചു പടർന്നിരിക്കുന്ന അന്ധവിശ്വാസങ്ങളാലും അനാചാരങ്ങളാലും വന്നുഭവിച്ചുകൊണ്ടിരിക്കുന്ന വൈഷമ്യങ്ങൾ എന്തെല്ലാമെന്നും വർണ്ണിക്കേണ്ട ആവശ്യമില്ലല്ലോ. എന്റെ മതം നല്ലത്, നിന്റെ മതം തീയത്, എന്ന് ഓരോ സമുദായവും പരസ്പരം പഴിച്ചുകൊണ്ടെയിരിക്കുന്നു, എന്നല്ലാതെ 'നല്ലത്' ഏതെന്നും 'തീയത്' ഏതെന്നും തിരിച്ചറിവാൻ വളരെ പ്രയാസംതന്നെ. സകലരും മനുഷ്യസന്താനങ്ങൾ എന്നുള്ള പരമബോധത്തെ മറന്നിട്ടു ഈ ഭിന്നസമുദായങ്ങൾ അന്യോന്യം മതവിഷയത്തിൽ മത്സരിച്ചുകൊണ്ട് ബദ്ധവൈരികൾ എന്നല്ല 'വിവിധസൃഷ്ടികൾ' എന്നവണ്ണം വർത്തിച്ചുപോരുന്നു. പത്രങ്ങളും മാസികകളും അനവധി അങ്ങുമിങ്ങും നിന്നു രംഗപ്രവേശനം ചെയ്യുന്നുണ്ടെങ്കിലും 'മതവിവാദം' എന്ന ഈ ഗൗരവമേറിയ വിഷയത്തെപ്പറ്റി പക്ഷപാതരഹിതമായിട്ടു ഒരൊറ്റ വാക്കെങ്കിലും പറയുന്ന ഒരൊറ്റപ്പത്രികയെങ്കിലും മലയാളത്തിലെങ്ങും കാണ്മാനില്ലാത്തത് വ്യസനകാരണമായിരിക്കുന്നു. സ്വരാജ്യഭരണത്തേയും ഖിലാഫത്ത് സ്ഥാപനത്തേയും മറ്റും കൊട്ടിഘോഷിക്കുന്ന പത്രദ്ധ്വനികളല്ലാതെ, മറ്റൊന്നും കേൾപ്പാനില്ല. എല്ലാവിധ കലഹങ്ങൾക്കും അന്തഃഛിദ്രങ്ങൾക്കും കാരണഭൂതമായുള്ളതു 'മതാന്ധകാരം' ഒന്നുമാത്രമാണെന്നിരിക്കിലും അക്കാര്യത്തെ ശരിപ്പെടുത്തുന്നതിനു ആരും ശ്രമിക്കാത്തതും അത്ഭുതംതന്നെ. മതസംബന്ധമായ തകരാറുകൾ നീങ്ങിക്കിട്ടാതിരിക്കുന്നെടത്തോളം കാലം, എത്രയൊക്കെ സ്വരാജ്യഭരണവും ഖിലാഫത്തു കോയ്മയും തട്ടിമൂളിച്ചാലും ജനങ്ങളുടെ ഇടയിൽ സമാധാനം ഉണ്ടാകുന്നതല്ല. ഈ സ്വരാജ്യവഴക്കും ഖിലാഫത്ത് പിണക്കവുംകൊണ്ട്, നാൾക്കുനാൾ ജനങ്ങൾക്ക് നിരാശയും ഞെരുക്കവും അധികരിച്ചുവരുന്നതു കൂടാതെ അവരുടെ സമാധാനത്തിനു അധഃപതനമല്ലാതെ യാതൊരു അഭിവൃദ്ധിയും ഉണ്ടാകുന്ന ലക്ഷണമൊന്നും കാണുന്നെയില്ല. എന്നാൽ, മനുഷ്യരെല്ലാം ഒരേ കുലമാണെന്നും അവരുടെയെല്ലാം പരിപാലകനും രക്ഷിതാവും ഒരേ ഒരുവനാണെന്നും തന്മൂലം സകല മനുഷ്യരും സഹോദരബന്ധുക്കളാണെന്നും, ഈ മഹത്വത്തെ നിലനിർത്തുവാൻവേണ്ടി മാത്രമാണ് ഓരോ മതസ്ഥാപകന്മാരും വന്നിട്ടുള്ളതെന്നുമുള്ള പരമാർത്ഥം ജനങ്ങളുടെ ഹൃദയതടങ്ങളിൽ സ്ഥലം പിടിച്ചു കഴിഞ്ഞാൽപിന്നെ, അവരുടെ ഇടയിലുള്ള എല്ലാവിധ കലഹങ്ങളും പമ്പ കടന്നുകിട്ടുകയും, സ്വയം ഖിലാഫത്തും താനെ വന്നുകയറുകയും ചെയ്യുമെന്നുള്ളതിൽ സംശയം എന്ത്?

അതിനാൽ അമ്മാതിരി അബദ്ധമായ എല്ലാ തകരാറുകളേയും ശരിപ്പെടുത്തി വാസ്തവമായ സത്യബോധത്തെ പ്രബോധിക്കുന്ന ഒരു മാസിക മലയാളത്തിൽ പ്രസിദ്ധപ്പെടുന്നതായാൽ അതുമൂലം അനേകം ബുദ്ധിമുട്ടുകളും നീങ്ങിക്കിട്ടുമെന്നുള്ളതിൽ സന്ദേഹമില്ല. തദർത്ഥം, മതത്തിൽ പ്രതിപത്തിയുള്ള ഒരു മഹത്തുക്കളും ഈ മഹത്തായ പരോപകാരവൃത്തിയിങ്കൽ പങ്കുചേരുന്നപക്ഷം അടുത്തയാണ്ടു ജനുവരിമാസം മുതല്ക്കൊണ്ടു 'സത്യദൂതൻ' എന്ന നാമധേയത്തിൽ, പരിഷ്കൃതമായ മലയാള ഭാഷയിൽ ഒരു മാസിക പുറപ്പെടീപ്പാൻ ഞങ്ങൾ ഒരുക്കമാണ്. ഇതിൽ, ഇസ്‌ലാംമതം, ഹിന്ദുമതം, ക്രിസ്തുമതം മുതലായ നാനാമതങ്ങളേയും കുറിച്ച്, അതായത് മതഗ്രന്ഥങ്ങളിലുള്ള ദിവ്യവചോമൂലം പ്രതിവാദിക്കപ്പെടുന്നതാണ്. അതിൽനിന്നും സത്യമതം ഏതെന്നും നിരുപയോഗമതം ഏതെന്നും വായനക്കാർക്കുതന്നെ തീരുമാനിച്ചുകൊള്ളുവാൻ വളരെ എളുപ്പമായിരിക്കും. പിന്നെ, അവരുടെയും ഇവരുടെയും പിന്നാലെ ഓടി നടക്കേണ്ട ആവശ്യമുണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ 'മതം' എന്നത് ഏവർക്കും ഒന്നുപോലെ സ്വാതന്ത്ര്യമുള്ള ഒരു ദൈവദത്തമായ പിതൃസ്വത്താകുന്നു. അതിനെ അവരവരുടെ ഇഷ്ടാനുസരണം നോക്കി നടക്കുന്നതിന് മറ്റുള്ളവരുടെ കല്പനയൊന്നും വേണ്ടതില്ല.

ഇങ്ങനെ പക്ഷപാതരഹിതമായവിധത്തിൽ ഒരു 'പത്രിക' നടത്തുന്നത് നന്നു എന്നുള്ള പക്ഷവാദികളേവരും ഞങ്ങളുടെ ഈ ഉദ്യമത്തിൽ പങ്കുചേർന്നുകൊള്ളുമെന്ന് പ്രതീക്ഷിച്ചുകൊള്ളുന്നു. തദർത്ഥം, ഓരോ മഹാജനങ്ങളും സ്ത്രീപുരുഷഭേദമെന്യേ ഇതിലേക്ക് വരിക്കാരാവുകയും തല്ക്കാലം 24 പേജിൽ കുറയാതെയുണ്ടാകുന്ന ഈ മാസികക്കുള്ള ഒരാണ്ടത്തെ വരിസംഖ്യയായ 2.ക ഈ പരസ്യം കണ്ടാൽ അധികതാമസമന്യെ മുൻകൂട്ടി എത്തിച്ചുതന്നു രസീതു കയ്പറ്റിക്കൊള്ളേണ്ടതാകുന്നു. മാസിക പുറപ്പെടീപ്പാൻ തക്കവണ്ണം വരിക്കാർ ലഭിക്കുന്നപക്ഷം, ദൈവാനുഗ്രഹത്താൽ, നമ്മുടെ 'സത്യദൂതൻ' ഈ വരുന്ന 1925 ജനുവരി 1-ാം തിയ്യതി മുതൽ മുറക്ക് സവാരി തുടങ്ങുന്നതാണ്. ഈ മഹദ്‌വിജയത്തിൽ, ജാതിമതഭേദമെന്യെ നിങ്ങളെല്ലാം പങ്കുചേർന്നു അതിനെ അവതരിപ്പിച്ചു നടത്തുന്നതിന്നായിട്ട് ആ സർവ്വൈകരക്ഷിതാവായ കരുണാകരൻതന്നെ കടാക്ഷിച്ചനുഗ്രഹിക്കട്ടെ. ആമേൻ.

1. എച്ച്. ഹുസൈൻ, (ആലങ്കോട്),
   ആറ്റുങ്ങൽ, തിരുവിതാംകൂർ
2. എൻ. ഹാമിദ്, (കണ്ണൂർ), (മാനേജർ), മലബാർ

വരിസംഖ്യ അയക്കേണ്ട മേൽവിലാസം:-
നടുവിലകത്തു ഹാമിദ്,
മാനേജർ, 'സത്യദൂതൻ'
കണ്ണൂർ, മലബാർ.

*(5-ാം പേജിൽ നിന്ന്)*

അവന്റെ കൈ മുറിക്കപ്പെടും" എന്ന് അഹ്‌മദ്(അ) പ്രതിവചിച്ചു. മുൻശിജി പറയുന്നു. അതിനുശേഷം അയാളുടെ ഉള്ളംകൈയിൽ കഠിനവേദന അനുഭവപ്പെടുകയും അസ്വസ്ഥചിത്തനായി ദിനരാത്രങ്ങൾ തള്ളിനീക്കുകയും ചെയ്തു. ഈ വേദനനിമിത്തമായി പിന്നീട് മരണപ്പെടുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും കുടുംബത്തോടും ഖിലാഫത്തിനോടും അങ്ങേയറ്റം കൂറും ഭക്തിയും പ്രകടിപ്പിച്ചിരുന്ന മുൻശിജി എല്ലാ വിജയങ്ങളും പുരോഗതികളും ഇവരുമായി ബന്ധിതമായിരിക്കുന്നതിനാൽ എന്നും ഇവിരോടൊട്ടിച്ചേർന്നിരിക്കാൻ തന്റെ സന്താനങ്ങളെ ഉപദേശിക്കുകയും ചെയ്തുപോന്നു. നിർണ്ണായകമായ പല പരീക്ഷണഘട്ടങ്ങളിലും അചഞ്ചലചിത്തനായി അദ്ദേഹം നിലകൊണ്ടു. റിവ്യൂ ഓഫ് റിലീജ്യൻസ്, ജൽസാസാലാന, ഖാദിയാൻ റെയിൽവേസ്റ്റേഷൻ എന്നിവയ്ക്കായി സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിച്ച മുൻശിജി എല്ലാ സാമ്പത്തിക ത്യാഗങ്ങളിലും മുൻനിരയിലുണ്ടായിരുന്നു. 1939-ൽ ഇഹലോകവാസം വെടിഞ്ഞ മുൻശിജി ഖലീഫത്തുൽ മസീഹ് സാനിയുടെ നിർദ്ദേശത്താൽ ബിഹിശ്തിമഖ്ബറയിലെ സഹാബാക്കളുടെ ഖിത്താഖാസിൽ (പ്രത്യേക ഭാഗത്ത്) മറയടക്കപ്പെടുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. ആമീൻ.

*(4-ാം പേജിൽനിന്ന്)*

അദ്ദേഹത്തിന്റെ പട്ടണം മുഴുവനും കാത്തുനിന്നിരുന്നു. 1946-ലാണ് സ്കോളർഷിപ്പോടുകൂടി സലാം തന്റെ MA.ഡിഗ്രി ലാഹോർ ഗവ:കോളേജിൽ നിന്ന് പാസ്സാകുന്നത്. ഇതേ വർഷംതന്നെ കേംബ്രിഡ്ജിലെ സെന്റ് ജോൺസ് കോളേജിൽ ചേർന്ന അദ്ദേഹം 1949-ൽ ഗണിതത്തിലും, ഊർജ്ജതന്ത്രത്തിലും പ്രശസ്തമായ നിലയിൽ BA (ഹോണേഴ്സ്) പാസ്സായി. 1950-ൽ ഡോ. സലാം സ്മിത്ത് പ്രൈസ് എന്ന കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി സമ്മാനം നേടുകയുണ്ടായി. ഗവേഷണരംഗത്തെ അത്യുജ്ജ്വല മികവിന് നൽകുന്നതാണ് ഈ പുരസ്കാരം. പിന്നീട് ഊർജ്ജതന്ത്രത്തിൽ അദ്ദേഹം ഡോക്ടറേറ്റ് കരസ്ഥമാക്കി. ഡോ. സലാമിന്റെ ക്വാണ്ടം ഇലക്ട്രോഡൈനാമിക്സിനെ കുറിച്ചുള്ള ഗവേഷണപ്രബന്ധം അന്നുതന്നെ അന്താരാഷ്ട്ര ശ്രദ്ധ ആകർഷിച്ചിരുന്നു.

1954-ൽ ആണ് ഡോ. സലാം പാകിസ്ഥാൻ വിടുന്നത്. ഇതിനിടയിൽ അദ്ദേഹം പാക്കിസ്ഥാൻ ആറ്റോമിക് എനർജി കമ്മീഷനിലെയും സയന്റിഫിക് കമ്മീഷനിലേയും അംഗമായിരുന്നു. 1961-1974 കാലയളവിൽ പാക്ക് പ്രസിഡന്റിന്റെ മുഖ്യ ശാസ്ത്രീയ ഉപദേഷ്ടാവുമായിരുന്നു. പാക്കിസ്ഥാനിലെ ബഹിരാകാശ ഏജൻസിയായ സുപാർകോ ഉണ്ടാക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചത് ഡോ. അബ്ദുസ്സലാമാണ്.

1979-ൽ ആണ് ഡോ. സലാം നോബൽ സമ്മാന ജേതാവാകുന്നത്. ഇതേസമയം, തന്നെയാണ് ജനറൽ സിയ തന്റെ അഹ്‌മദിയ്യാ വിരുദ്ധ ഭരണഘടനാഭേദഗതി പരുവപ്പെടുത്തുന്നത്. ഡോ. സലാമിന്റെ സമ്മാന ലബ്ധി സിയയെ അക്ഷരാർത്ഥത്തിൽ അന്ധാളിപ്പിച്ചു. സിയ ഡോ. സലാമിനെ സ്വാഗതം ചെയ്തെങ്കിലും അദ്ദേഹത്തിന്റെ ഭരണകൂടം ജാഗരൂകമായിരുന്നു. ഡോ. സലാം എപ്പോഴൊക്കെ പ്രസംഗത്തിനിടയിൽ കലിമ ഉദ്ധരിക്കുകയും ഖുർആനിക വചനങ്ങൾ ഉരുവിടുകയും ചെയ്തിരുന്നുവോ അപ്പോഴൊക്കെ അവയൊക്കെയും മായ്ച്ചുകളയാൻ ജനറൽ സിയായുടെ ഭരണം ശ്രദ്ധിച്ചു. എന്തായാലും ഡോ. സലാമിന്റെ ഭാഗ്യത്തിന് മതനിന്ദാനിയമത്തിന്റെ പേരിൽ അദ്ദേഹത്തിന് ജയിലിൽ കിടക്കേണ്ടിവന്നില്ല. പിന്നീട് ഡോ.

*(ശേഷം 7-ാം പേജിൽ)*

പിന്നിട്ട നാളുകൾ

# മൗലവി മുഹമ്മദ് യൂസുഫ് സാഹിബ്

**തയ്യാറാക്കിയത് - ശംസുദ്ദീൻ**

കയ്യിൽ രണ്ടു കാളവും മൈക്കും ബാറ്ററിപ്പെട്ടിയുമായി തൂവെള്ള വസ്ത്രവും കറുത്ത കണ്ണടയും ധരിച്ച് കേരളം മുഴുക്കെ സഞ്ചരിക്കുന്ന ഒരാൾ. ഖുർആൻ ആയത്തുകളും ബൈബിൾ വചനങ്ങളും സംസ്കൃത ശ്ലോകങ്ങളും എടുത്തുദ്ധരിച്ച് കവലപ്രസംഗങ്ങൾ നടത്തുന്ന വ്യക്തി. പഴയ പുസ്തകത്താളുകൾ എടുത്തുയർത്തി എതിരാളികളുടെ വായടപ്പിക്കുന്ന ആൾ. അതാണ് മൗലവി മുഹമ്മദ് യൂസുഫ് സാഹിബ്.

പ്രായാധിക്യത്താൽ സ്വന്തം വീട്ടിൽ വിശ്രമജീവിതം നയിക്കുന്ന മൗലവി സാഹിബ് യാഥാസ്ഥിതിക സുന്നികുടുംബത്തിൽ നിന്നും മുജാഹിദ്, മൗദൂദി, തബ്ലീഗ് സംഘങ്ങൾ കടന്ന് ജമാഅത്തിൽ എത്തിച്ചേരുകയായിരുന്നു. കരുനാഗപ്പള്ളി സ്വദേശിയാണദ്ദേഹം. കരുനാഗപ്പള്ളി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് വക പള്ളിയുടെ അഞ്ചുകിലോമീറ്റർ തെക്കുമാറി സ്ഥിതിചെയ്യുന്ന കുറ്റിവട്ടം വടുക്കുന്തലം എന്ന സ്ഥലത്തെ കൊല്ലശ്ശേരി തറവാട്ടംഗം. പരമ്പരാഗതമായി സുന്നി ആശയം കൊണ്ടുനടക്കുന്ന തറവാടാണ് കൊല്ലശ്ശേരി തറവാട്. ഈ തറവാട്ടുകാർ ഗുസ്തി എന്ന കായികാഭ്യാസത്തിൽ അഗ്രഗണ്യരാണ്. ഈ തറവാട്ടിൽനിന്നുള്ള മുഹമ്മദ് യൂസുഫ് പിന്നീട് ജമാഅത്തിന്റെ ധ്വജവാഹകനായി മാറുകയായിരുന്നു.

പരമ്പരാഗത സുന്നികളായതിനാൽ മാതാപിതാക്കൾ മക്കൾക്ക് മതപഠനത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകി. അതിനാൽ മൗലവി സാഹിബിനും ആവശ്യത്തിന് മതവിദ്യാഭ്യാസം ലഭിച്ചു. ജീവിത പരിതസ്ഥിതികൾ കാരണം ഭൗതികവിദ്യാഭ്യാസം ഏറെ മുന്നോട്ട് പോയില്ല. അഞ്ചാം ക്ലാസ്സിൽ അതവസാനിച്ചു. കുടുംബഭാരം ചുമക്കുന്നതിന്റെ ഭാഗമായി ചവറയിൽ ഒരു കരിമണൽ കമ്പനിയിൽ ജോലിക്കു ചേർന്നു. ഏറെക്കാലം അവിടെ തുടർന്നു. ഇതിനിടയിലും മുഹമ്മദ് യൂസുഫ് എന്ന



ചെറുപ്പക്കാരന്റെ മതതാല്പര്യം ഒട്ടും കുറഞ്ഞില്ല. അദ്ദേഹം സുന്നിപണ്ഡിതന്മാരുമായി ബന്ധം സ്ഥാപിച്ചു. അവരുടെ വഅളുകളും മറ്റും കേൾക്കൽ പതിവാക്കി. അതിലൂടെ മതവിദ്യാഭ്യാസത്തിലുള്ള താൽപര്യം ഇരട്ടിച്ചു. അത് മുഹമ്മദ് യൂസുഫിനെ പള്ളി ദറസുകളിലെത്തിച്ചു. കാലക്രമേണ മുഹമ്മദ് യൂസുഫ് എന്ന കരിമണൽ തൊഴിലാളി ഒത്ത സുന്നിപണ്ഡിതനായി മാറി. അതോടെ റാത്തീബും മൗലൂദും വഅളുമായി നടക്കുന്ന ഒരു സുന്നിപ്രചാരകനായി അദ്ദേഹം അറിയപ്പെട്ടു.

നല്ലൊരു വായനാപ്രിയനാണ് അദ്ദേഹം. അതദ്ദേഹത്തിന്റെ ആത്മീയാന്വേഷണത്തിന് നിദാനമായി. പല മതഗ്രന്ഥങ്ങളും യൂസുഫ് എന്ന സുന്നിപണ്ഡിതൻ വായിച്ചു. ഈ വായനയും അന്വേഷണവും അദ്ദേഹത്തെ മുജാഹിദ് പ്രസ്ഥാനത്തിലെത്തിച്ചു. സുന്നി ആശയം കൈവിട്ടതോടെ സുന്നികൾ മൗലവി സാഹിബിന്നെതിരായി പല എതിർപ്പുകളും കൊണ്ടു വന്നു. പക്ഷേ, മൗലവി സാഹിബ് അത് ഗൗനിച്ചില്ല. മുഹമ്മദ് യൂസുഫ് എന്ന മതപണ്ഡിതൻ തന്റെ അന്വേഷണം തുടർന്നു. സത്യത്തെ തിരിച്ചറിയാനുള്ള അന്വേഷണം. ഈ അന്വേഷണത്തിനിടയിൽ മൗദൂദിയൻ ആശയത്തിലും തബ്ലീഗ് കക്ഷിയിലും അദ്ദേഹം ചെന്നെത്തി.

ഈ അന്വേഷണങ്ങൾക്കിടയിലൊരിക്കലും അഹ്മദിയ്യത്ത് അദ്ദേഹത്തെ നടുത്തെത്തിയില്ല. മാത്രമല്ല, ജമാഅത്തിനെ കുറിച്ചുള്ള അബദ്ധധാരണകളായിരുന്നു അദ്ദേഹത്തിന് കൂട്ട്. ഖാദിയാനികളുടെ നമസ്കാരം മൂന്നു നേരം മാത്രം. അവരുടെ ഖിബ്ല വടക്കോട്ട്, ഹജ്ജ് ഖാദിയാനിൽ, കലിമ മിർസാ റസൂലുല്ലാഹ് എന്നിങ്ങനെ അദ്ദേഹവും വിശ്വസിച്ചു. ഈ തെറ്റുകൾ സ്വയം വിശ്വസിക്കുന്നത് കൂടാതെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തു. അഹ്മ്ദിയ്യാ സാഹിത്യങ്ങൾ മറിച്ചുനോക്കാൻപോലും അദ്ദേഹം തയ്യാറായില്ല.

എന്നാൽ, ഒരു നിമിത്തം അദ്ദേഹത്തിന്റെ ജീവിതമാകെ മാറ്റിമറിച്ചു. പലർക്കും സത്യം മനസ്സിലാകുന്നത് ആകസ്മികമായാണല്ലോ. മുഹമ്മദ് യൂസുഫ് എന്ന അനഹ്മദി പണ്ഡിതന്റെ കാര്യത്തിലും അതുണ്ടായി. 1958-ൽ മൗലവി സാഹിബിനൊരു കുത്തഴിഞ്ഞ പുസ്തകം ലഭ്യമായി. അറബിയും മലയാളവും ഉൾപ്പെട്ട ഒരു പുസ്തകം. അദ്ദേഹത്തിന്റെ ഒരു മദ്രസാ വിദ്യാർത്ഥിയാണ് പുസ്തകം എത്തിച്ചത്. വായനാപ്രിയനായ മൗലവി സാഹിബ് അത് വായിച്ചു. ഖാദിയാനികളുടെ ഏതോ ഒരു പുസ്തകമാണിത്. അദ്ദേഹം തിരിച്ചറിഞ്ഞു. (സന്മാർഗ്ഗദർശിനി എന്ന ഗ്രന്ഥത്തിന്റെ ഭാഗങ്ങളായിരുന്നു അത്) ഗ്രന്ഥത്തിന്റെ പൂർണ്ണരൂപം അദ്ദേഹത്തിന് യാദൃശ്ചികമായി ലഭ്യമായി. ദൈവം അഹ്മദിയ്യത്തിന്റെ ഒരു കർമ്മഭടനെ തയ്യാറാക്കുകയായിരുന്നു. സന്മാർഗ്ഗദർശിനി വായിച്ചതോടെ മൗലവി സാഹിബ് സന്മാർഗ്ഗ പാതയിലേക്ക് നീങ്ങി. മനസ്സിൽ പ്രതിഷ്ഠിച്ച തെറ്റിദ്ധാരണകൾക്ക് ഇളക്കം തട്ടി. അതോടെ സത്യത്തെകുറിച്ചുള്ള അന്വേഷണത്തിന് വേഗം കൈവന്നു. വാഗ്ദത്ത മസീഹിന്റെ വിഖ്യാതഗ്രന്ഥമായ 'ഇസ്ലാം മതതത്വജ്ഞാന'ത്തെക്കുറിച്ച് അറിയാനിടയായ അദ്ദേഹം അതു കരസ്ഥമാക്കി. അത് വായിച്ചതോടെ അറിയാനുള്ള ജിജ്ഞാസ വർദ്ധിച്ചു. അതിനായി കരുനാഗപ്പള്ളി മിഷൻ ഹൗസിലെത്തി. വലിയ മൗലവി സാഹബിനോടൊത്ത് ചർച്ചകളിൽ മുഴുകി. ഒടുവിൽ 1962-ൽ അദ്ദേഹം ബയ്അത്ത് ചെയ്തു. അതൊരു ചെറിയ പെരുന്നാൾ ദിവസമായിരുന്നു. മർഹൂം ഖഹാർ സാഹിബിന്റെ വസതി അതിനു വേദിയായി. മർഹൂം മൗലവി അബുൽ വഫാസാഹിബ് ബയ്അത്ത് വാചകങ്ങൾ ചൊല്ലിക്കൊടുത്തു.

അതോടെ, എതിർപ്പുകൾ തലപൊക്കി. പത്നിവിരോധവും പള്ളിനിരോധവും വന്നു. സ്വന്തം നാട്ടിൽ നിൽക്കക്കള്ളിയില്ലാതായി. എങ്കിലും മൂന്നുവർഷംവരെ അവിടെ പിടിച്ചുനിന്നു. പക്ഷേ, എതിർപ്പിന്റെ രൂക്ഷത വർദ്ധിച്ചു. ഒടുവിൽ 1965-ൽ താമസം ചേലക്കരയിലേക്കു മാറ്റി. 1965 മുതൽ 1972 വരെ കോഴിക്കോട് ദാറുസ്സലാമിൽ മദ്രസാദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. 1972-ൽ ഖാദിയാനിൽ 6 മാസത്തെ കോഴ്സിനായി പോയി. തുടർന്ന് മുബല്ലിഗായി. ബയ്അത്ത് ചെയ്തതു മുതൽ 1994-വരെ ജമാഅത്തിനുവേണ്ടി സേവനം ചെയ്തു. ത്യാഗോജ്ജ്വലമായ സേവനം. തബ്ലീഗിന്നിടയിൽ പല ആക്രമങ്ങളും അദ്ദേഹത്തിന് നേരിടേണ്ടിവന്നു. സ്വന്തം നാടായ കരുനാഗപ്പള്ളിയിലും, മലപ്പുറത്തെ പാണ്ടിക്കാടും, ബേപ്പൂരും, കണ്ണൂർസിറ്റിയിലും, കൊട്ടാരക്കരയിലും പ്രസംഗമദ്ധ്യേ ആക്രമങ്ങൾ വന്നിട്ടുണ്ട്. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബിനെ പോലുള്ള നിരവധി മഹൽ വ്യക്തികൾക്ക് സത്യത്തിലേക്കുള്ള വഴികാട്ടിയാകാൻ സാധിച്ച മൗലവി സാഹിബ് ഇപ്പോൾ കരുളായിയിൽ വിശ്രമജീവിതം നയിച്ചുവരുന്നു.

(1-ാം പേജിൽനിന്ന്)

പറയുന്നു. എന്തായാലും പ്രോസിക്യൂട്ടർ മറിയ സോർട്ടേവ അഹ്മദികളുടെ രജിസ്ട്രേഷൻ റദ്ദാക്കാനുള്ള ഒരു കേസ് പ്രാദേശിക കോടതിയിൽ സമർപ്പിച്ചു. ഈ കേസ് നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ പ്രാദേശിക പത്രങ്ങളിൽ അഹ്മദികൾക്കെതിരായ വാർത്തകളും വരുന്നുണ്ട്. അഹ്മദികൾ ഭീകരവാദികളാണെന്നും പാക്കിസ്ഥാനിൽ കഴിഞ്ഞ 80 വർഷത്തിനിടയിൽ 10 ഓളം ആക്രമണങ്ങൾ ഇവർ നടത്തിയിട്ടുണ്ടെന്നും മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നു.

അഹ്മദികൾക്കെതിരെ പൊതുവായ ആരോപണങ്ങൾ ഉന്നയിക്കാനോ, വ്യക്തിപരമായ രീതിയിൽ കുറ്റങ്ങൾ ആരോപിക്കുവാനോ ബൾഗേറിയൻ അധികാരികൾക്ക് സാധിച്ചിട്ടില്ല. നിയമവിരുദ്ധമായി തങ്ങൾ ഒന്നും ചെയ്യാറില്ലെന്നും സ്വതന്ത്രമായി സംസാരിക്കാനും, ഒത്തുചേരാനും, പ്രാർത്ഥിക്കുവാനുമുള്ള സ്വാതന്ത്ര്യത്തിനും വേണ്ടിയാണ് അഹ്മദികൾ അപേക്ഷിക്കുന്നതെന്ന് ബന്ധപ്പെട്ടവർ പറഞ്ഞു. ഹനഫി സുന്നികൾക്ക് ഭൂരിപക്ഷമുള്ള മുസ്ലിം സമൂഹം ബൾഗേറിയയിൽ സജീവമാണെന്ന കാര്യം ഇതോടു ചേർത്തു വായിക്കാം.

(6-ാം പേജിൽനിന്ന്)

സലാം ഇന്ത്യ സന്ദർശിച്ചു. അവിടെ അദ്ദേഹത്തെ കാത്തിരുന്നത് കനത്ത ഊഷ്മളമായ വരവേല്പായിരുന്നു. ഇന്ത്യാസന്ദർശന വേളയിൽ സലാമിന്റെ വിദഗ്ദ്ധനായ ഗണിതശാസ്ത്രാദ്ധ്യാപകനെ അദ്ദേഹം കാണാൻ ചെന്നു. കണ്ടപാടെ തന്റെ നോബൽ മെഡൽ ആ സ്കൂൾ അദ്ധ്യാപകന്റെ കഴുത്തിലണിയിച്ച ഡോ. സലാം ആളുകളെ അത്ഭുതപ്പെടുത്തി.

ഡോ. സലാമിന്റെ പേരിൽ പാക്കിസ്ഥാൻ ഗവ: ഒരു സ്റ്റാമ്പ് പുറത്തിറക്കിയിരുന്നു. എന്നാൽ പിന്നീടിത് പ്രതിഷേധത്തിന്റെ പേരിൽ പിൻവലിക്കുകയായിരുന്നു. വിജ്ഞാനവിരോധികൾ എതിർത്തെങ്കിലും സലാം പഠിച്ച ലാഹോർ കോളേജ് (ഇപ്പോഴിതൊരു യൂണിവേഴ്സിറ്റിയാണ്). ചില ഡിപ്പാർട്ടുമെന്റുകൾക്കും സെമിനാറുകൾക്കും ഡോ. സലാമിന്റെ പേര് നൽകുകയുണ്ടായി. എന്തായാലും പാക്കിസ്ഥാൻ ലജ്ജിച്ചേ മതിയാകൂ. കാരണം ഏ.ക്യൂ ഖാനെപോലുള്ള, വ്യക്തിതാല്പര്യത്തിനായി രാജ്യതാല്പര്യത്തെ വിറ്റഴിക്കുന്ന ശാസ്ത്രപ്രഭൃതികളുള്ള നാട്ടിൽ ഡോ. സലാം എന്നും സ്മരിക്കപ്പെടേണ്ടതുണ്ട്. ഡോ. സലാമിന്റെ 10-ാം ചരമവാർഷികത്തിലെങ്കിലും അദ്ദേഹത്തോട് നീതികാണിക്കാൻ നമുക്ക് സാധിക്കുമോ?

# മിർസാ മസ്റൂർ ഖലീഫത്തുൽ മസീഹവർകൾ!

**അബൂശഹീദഹ്മദ്, സി.എച്ച്. പഴയങ്ങാടി**

മീർസാ മസ്റൂർ ഖലീഫത്തുൽ
മസീഹവർകൾ അഭിവന്ദ്യർ
ആയിരമായിരം ആശംസകൾ
അതിലേറെ അഭിവാദ്യങ്ങൾ!

സന്താപമേറിയ നാളുകളിൽ
സന്തോഷമേകിയ തെന്നലവർ
ഇസ്ലാം ദീനിൻ സംരക്ഷകർ
മുസ്ലിംകൾക്കോ ആശ്വാസകർ!

സർവ്വാധിനാഥൻ അല്ലാഹുവിൻ
വരദാനം മുഅ്മിനീങ്ങളിൽ
പ്രവാചകർ മൊഴിമുത്തുകളിൽ
പ്രത്യക്ഷർ കർഷകരിൽ പ്രമുഖർ!

മസീഹ് മൗഊദിൻ ആത്മാവിൽ
അർശിൽനിന്നും ഇൽഹാമുകൾ
മസ്റൂർ എന്ന സംബോധനയിൽ
സാമീപ്യം സുവിശേഷത്തിൽ!

മഹ്ദി ഇമാമിന്റെ നൗകയിൽ
നാവികരാം ഖാമിസ്സാണവർ
വിദൂര വിദൂര ദേശങ്ങളിൽ
സുധീര സത്യസന്ദേശങ്ങളിൽ!

വേദം ഖുർആൻ ജ്ഞാനങ്ങളിൽ
ജീവൽ ദൈവിക സിഫത്തുകൾ
നബിതങ്ങൾ സൽകർമ്മങ്ങൾ
മഹ്ദി ഇമാം സന്ദേശങ്ങൾ!

മുഴുലോകത്തിൻ അഹ്മദികൾ
മുഴുകീ സൽനിർദ്ദേശങ്ങളിൽ
ലക്ഷ്യം സ്നേഹം അല്ലാഹുവിൽ
ശക്തൻ കരുണാമയനവനിൽ!

കരുണാമയനാം അല്ലാഹുവിൻ
കാരുണ്യങ്ങൾ സമ്പത്തുകൾ
ഏകീ സംതൃപ്തരായവർ
നാഥൻ അല്ലാഹുവിൻ വഴിയിൽ!

വസിയ്യത്ത് തെളിനീരരുവികളിൽ
സ്നാനത്തിൽ സത്യാത്മാക്കൾ
മസീഹ് മൗഊദ് സദ്വചനങ്ങൾ
സ്വർലോക സുഗന്ധപരിമളങ്ങൾ!

നശ്വരമീ സുഖചിന്തകളിൽ
ശാശ്വതമില്ലാനന്ദങ്ങൾ
ആഖിറത്തിൻ സൽനന്മകളിൽ
ആശ്വാസമവർണനീയങ്ങൾ!

മസീഹ് മൗഊദ് പ്രതിരൂപത്തിൽ
ഹുസൂർ വരുന്നൂ കൺമുമ്പിൽ
റൂഹാനീ തരംഗങ്ങളിൽ
റഹ്മാനിൻ വൈഭവങ്ങളിൽ!

വിപാടനം സർവ്വതിന്മകൾ
വിദൂരദർശൻ കാഴ്ചകളിൽ
എരിയും നരകങ്ങൾ നടുവിൽ
ഉയരുന്നു സ്വർഗ്ഗം എം.ടി.എയിൽ

ഖുദ്റത്തെ സാനിയ നന്മകളിൽ
മധുരഫലങ്ങൾ ഖിലാഫത്തിൽ
മഹ്ദി ഇമാം പൈഗാമുകളിൽ
ഭൂമിയുടെ മുഴുകോണുകളിൽ!

ഖിലാഫത്ത് ജൂബിലി സുദിനങ്ങൾ
സ്വാഗതമരുളുന്നഹ്മദികൾ
അല്ലാഹുവിൻ സ്തുതിഗീതങ്ങളിൽ
മുഹമ്മദ് നബി ആദരങ്ങളിൽ!



ഡച്ച് ഈസ്റ്റ് ഇൻഡീസിൽ നിന്നുള്ള യുവ അഹ്മദികൾ ഖാദിയാൻ സന്ദർശിച്ചപ്പോൾ മുസ്ലിം മൗഊദ് (റ)യോടൊപ്പം.

# രാഷ്ട്രീയകൊലപാതകങ്ങളും ഭീകരതയും ബംഗ്ലാദേശിൽ അസമാധാനം സൃഷ്ടിക്കുന്നു

വിദേശ ലേഖകൻ

**ധാക്ക:** ബംഗ്ലാദേശ് നാഷനൽ പാർട്ടി (ബി.എൻ.പി)യുടെ നേതൃത്വത്തിലുള്ള കൂട്ടുകക്ഷി സർക്കാരിന്റെ ഭരണകാലഘട്ടത്തിൽ ബംഗ്ലാദേശിൽ അസമാധാനവും അരാചകത്വവും വർദ്ധിച്ചതായി വിലയിരുത്തപ്പെടുന്നു. ഭീകരപ്രവർത്തനങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും മറ്റു ആസൂത്രിതമായ കുറ്റകൃത്യങ്ങളും അടുത്തകാലത്തായി ഇവിടെ പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. അരാഷ്ട്രീയ കൊലപാതകങ്ങൾ, കൊള്ള, കവർച്ച, ചതി തുടങ്ങിയവ തടയാൻ ഇവിടുത്തെ ആഭ്യന്തരവകുപ്പിന് ആയിട്ടുണ്ടെങ്കിലും ഈ നേട്ടങ്ങളൊക്കെ അസ്ഥാനത്താക്കുന്നതരത്തിലാണ് ഇവിടെ ഇസ്‌ലാമിക ഭീകരവാദം വളർന്നുവന്നിട്ടുള്ളത്. ഏറ്റുമുട്ടലുകളിലൂടെയുള്ള മരണങ്ങൾ, പോലീസിന്റെ നഗ്നമായ രാഷ്ട്രീയവൽക്കരണം, വൻതോതിലുള്ള ആയുധകള്ളക്കടത്ത്, മൃഗീയമായ രാഷ്ട്രീയകൊലപാതകങ്ങൾ, ബോംബാക്രമണങ്ങൾ തുടങ്ങിയ ഭീകരാവസ്ഥ ഇപ്പോൾ ബംഗ്ലാദേശിൽ നിലനിൽക്കുന്നു. ഇസ്‌ലാമിക ഭീകരരുടെ നിരന്തരമായ ബോംബാക്രമങ്ങൾ ഈ രാഷ്ട്രത്തിന്റെ മതേതരഛായയ്ക്കുതന്നെ മങ്ങലേൽപിച്ചിരിക്കുകയാണ്. ഇക്കൂട്ടർ ജനാധിപത്യത്തിന്റെ അടിവേരുതന്നെ ഇളക്കുന്നതരത്തിൽ വളർന്നുകഴിഞ്ഞിട്ടുണ്ട്. സർക്കാർ ആദ്യമൊക്കെ ഇസ്‌ലാമിക ഭീകരഗ്രൂപ്പുകളുടെ സാന്നിധ്യം നിഷേധിച്ചെങ്കിലും ഇപ്പോൾ അത് സമ്മതിക്കുകയും ചില ഗ്രൂപ്പുകളെ നിരോധിക്കുകയും ചെയ്തിട്ടുണ്ട്. അധികാരമേറ്റയുടനെ ആഭ്യന്തര മന്ത്രി കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനായി 'റാപിഡ് ആക്ഷൻ ബറ്റാലിയൻ' ( RAB) എന്ന ഒരു പ്രത്യേക സേനയെ കൊണ്ടുവന്നപ്പോൾ ജനങ്ങൾ ആശ്വാസം കൊള്ളുകയുണ്ടായി. പക്ഷേ, ഈ സേന സമാധാനം നിലനിറുത്തുന്നതിൽ പരാജയപ്പെടുകയും നിരവധി വിമർശനങ്ങൾക്ക് വിധേയമാവുകയുമാണുണ്ടായത്. ഈ സേനയെ തികച്ചും രാഷ്ട്രീയവൽക്കരിക്കുകയായിരുന്നു. 2002-ൽ മനുഷ്യാവകാശങ്ങളുടെ നഗ്നമായ ലംഘനത്തിന് ബംഗ്ലാദേശ് സാക്ഷിയായി. പട്ടാളവും അർദ്ധസൈനീക വിഭാഗങ്ങളും പോലീസും മനുഷ്യാവകാശ ലംഘനങ്ങൾ നടത്തുന്ന കാഴ്ചയാണ് അവിടെ കണ്ടത്. വ്യക്തമായ കുറ്റം ചുമത്താതെ നിരവധി നേതാക്കന്മാരേയും, പത്രപ്രവർത്തകരേയും അറസ്റ്റ് ചെയ്ത് പീഡിപ്പിച്ചത് രാജ്യത്തിനകത്തും പുറത്തും വമ്പിച്ച ഒച്ചപ്പാടുകൾക്ക് ഇടയാക്കി. കുറ്റകൃത്യങ്ങൾ തടയാനായി സർക്കാർ ശക്തമായ നടപടികളെടുത്തപ്പോഴും കൊടും കുറ്റവാളികൾ നിയമത്തിന് അതീതമായി നില കൊണ്ടു. നിരവധി രാഷ്ട്രീയനേതാക്കന്മാർ കഴിഞ്ഞ ഭരണകാലങ്ങളിൽ കൊല്ലപ്പെട്ടിട്ടുണ്ട്. അവാമിലീഗിന്റെ മൻസൂറുൽ ഇമാം, ബി.എൻ.പി. നേതാവ് ജമാലുദ്ദീൻ അഹ്‌മദ് ചൗധരി തുടങ്ങിയവർ ഇതിൽപെടുന്നു.

ചെറുതും വലുതുമായ നിരവധി ഭീകരഗ്രൂപ്പുകൾ ബംഗ്ലാദേശിൽ വേരുറപ്പിച്ചു കഴിഞ്ഞു. 2004-ൽ കമ്മ്യൂണിസ്റ്റുകാരെ കൊന്നൊടുക്കുന്നതിനുള്ള ഒരു പദ്ധതി പരസ്യമായി പ്രഖ്യാപിക്കാൻ അത്രയൊന്നും അറിയപ്പെടാത്ത സിദ്ദീഖുൽ ഇസ്‌ലാം അലിയാസ് ബംഗ്ലാഭായ് എന്ന സംഘടന തയ്യാറായത് ഇവിടുത്തെ കലങ്ങിയ അന്തരീക്ഷം വിളിച്ചോതുന്നു. ജനങ്ങളെ കൊന്ന് മരക്കൊമ്പിലും മറ്റും തൂക്കിയിട്ടതിന്റെ തെളിവുകൾ മാധ്യമങ്ങൾ വ്യക്തിമാക്കിയെങ്കിലും 'ബംഗ്ലാഭായ്'യുടെ സാന്നിധ്യം സമ്മതിക്കാൻ സർക്കാർ തയ്യാറായില്ല. 'ജാഗ്രത മുസ്‌ലിം ജനത, ബംഗ്ലാദേശ്' (JMJB) എന്ന ഒരു സംഘടനയുടെ പ്രവർത്തനങ്ങളെപറ്റി പുറത്തറിയിച്ച മാധ്യമങ്ങളെ എതിർക്കാനും ഇതൊക്കെ മാധ്യമങ്ങളുടെ കെട്ടുകഥ മാത്രമാണെന്ന് പറയാനുമാണ് ഭരണസഖ്യം തയ്യാറായത്. എന്നാൽ അന്താരാഷ്ട്ര സമൂഹത്തിന്റെ സമ്മർദ്ദത്തിന് വഴങ്ങി ബംഗ്ലാ സർക്കാർ 2004 ഫെബ്രുവരിയിൽ JMJBയെ നിരോധിച്ചു.

അഹ്‌മദിയ്യാ വിരുദ്ധപ്രക്ഷോഭം ഇരട്ടിയാക്കിയ ഇസ്‌ലാമിക യാഥാസ്ഥിതിക കക്ഷികൾ അഹ്‌മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കാൻ സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. ഒടുവിൽ 2006 ജനുവരി 8-ന് അഹ്‌മദിയ്യാ സാഹിത്യങ്ങൾ നിരോധിക്കാൻ സർക്കാർ നിർബന്ധിതരായി. അഹ്‌മദികളുടെ പള്ളികളും വീടുകളും ആക്രമിക്കുക, അഹ്‌മദികൾക്ക് ഊരുവിലക്ക് കല്പിക്കുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഇവർ രാജ്യമാകമാനം നടത്തിക്കൊണ്ടിരിക്കുകയാണ്. അഹ്‌മദിയ്യാ സാഹിത്യങ്ങൾ നിരോധിച്ചതിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ട് ജമാഅത്തെ ഇസ്‌ലാമി, ഇസ്‌ലാമി ഒയ്ക്യജോഡ് എന്നീ കക്ഷികൾ അഹ്‌മദികളെ പീഡിപ്പിക്കുന്നതിൽ വ്യാപൃതരായിരിക്കുകയാണ്. ഇതിനെതിരെ സ്വദേശത്തും വിദേശത്തുമുള്ള മനുഷ്യാവകാശ സംഘടനകൾ പ്രതികരിക്കുകയും നിരോധനം പിൻവലിക്കാനും സൈര്യജീവിതം നൽകാനും സർക്കാരിനോട് അഭ്യർത്ഥിച്ചെങ്കിലും അതൊക്കെ വ്യർഥമായിപോകുകയാണ്. ചുരുക്കത്തിൽ തികഞ്ഞ അരക്ഷിതാവസ്ഥയിലേക്കാണ് ബംഗ്ലാദേശിന്റെ പോക്ക്.

(3-ാം പേജിൽനിന്ന്)

സെവാഗ് നല്ലവണ്ണം ബാറ്റ് വീശിയിട്ട് കാലം കുറേയായി. രണ്ടാംകിട ക്രിക്കറ്റ് താരങ്ങളെപ്പോലും നാണിപ്പിക്കുന്നരീതിയിൽ പുറമേ പോകുന്ന ബോളിന് ബാറ്റ് വെച്ചുകൊടുക്കുമ്പോൾ തേർഡ് സ്ലിപ്പിലോ കവറിലോ വീരേന്ദർ സെവാഗ് ഭദ്രമായി കൈയിലൊതുങ്ങുകയാണ്.

ഇന്ത്യൻ ബാറ്റിംങ്ങിൽ ഏറെ പ്രതീക്ഷ പുലർത്തിയിരുന്ന മുഹമ്മദ് കൈഫ് വലിയ പരാജയമായിട്ട് കാലമേറെയായി. നിരന്തരമായ പുറത്താകലുകൾ ഈ താരത്തിന്റെ ഭാവിയെ സങ്കീർണ്ണമാക്കിയിട്ടുണ്ട്. സ്കൂൾകുട്ടികൾക്ക് പോലും യോജിക്കാത്തരീതിയിൽ കൈഫ് പരാജയപ്പെടുകയാണ്. ഇനിയും ഇദ്ദേഹത്തിന് ഫീൽഡിംഗ് മികവിന്റെ പേരിൽമാത്രം ടീമിൽ നിലനിൽക്കാൻ അവകാശമുണ്ടോ? ഇതേ അവസ്ഥ തന്നെ മഹേന്ദ്ര ധോണിയിലും കാണാനുണ്ട്. വമ്പൻ അടികൾക്ക് പേരുകേട്ട ധോണി വലിയ പ്രശ്നങ്ങൾ നേരിടുന്നു. ബാറ്റിന്റെ സ്വാഭാവികമായ ചലനത്തെ ആധുനിക കേളീശൈലിയുമായി സമന്വയിപ്പിക്കാതെ വലിച്ചടിക്കാൻ ശ്രമിക്കുമ്പോൾ ധോണി പലപ്പോഴും സം'പൂജ്യ'നാകുന്നു. ദിനേശ് മോംഗിയ, ദിനേശ് കാർത്തിക് തുടങ്ങിയ കളിക്കാരും ഇത്തരത്തിൽ ടീമിലെ തങ്ങളുടെ അംഗത്വത്തെ സ്വയം ചോദ്യം ചെയ്യുന്നു.

ഫീൽഡിംഗിലും കൈഫ്, മോംഗിയ തുടങ്ങിയ ആളുകളുടെ വ്യക്തിപരമായ മികവുകളൊഴികെ പ്രത്യേകമായി ഇന്ത്യൻടീമിന് കാണിക്കാൻ ഒന്നുമില്ല. റൺഔട്ട് ചാൻസുകൾ പലപ്പോഴും പാഴായി പോകുകയാണ്. അലസമായ ബോൾ കലക്ഷൻ ഇന്ത്യൻ ടീമിൽ നിന്നും ഇനിയും വിട്ടകന്നിട്ടില്ല. എല്ലാത്തിലുമുപരി കളിയോടുള്ള സമീപനം വളരെ ഗൗരവമർഹിക്കുന്ന കാര്യമാണ്. ഓപ്പണിംങ്ങിന് വേണ്ടിയുള്ള നല്ലൊരു കൂട്ടുകെട്ട് ഇപ്പോഴും ഇന്ത്യക്കില്ല. മുംബൈയ് താരം വസിംജാഫറിനെ ഓപ്പണർസ്ഥാനത്തേക്ക് പരിഗണിച്ചുവെങ്കിലും പരാജയപ്പെട്ടു. അവസാനകളിയിൽ വി.വി.എസ്. ലക്ഷ്മണൻ ടീമിലെത്തിയിട്ടും പരാജയമായി മാറി. ചുരുക്കത്തിൽ കളിക്കാരുടെ പ്രായോഗികവും, പൂർണ്ണവുമായ അർപ്പണബോധം നഷ്ടപ്പെട്ടിരിക്കുന്നു. ആയതിനാൽ ഏതു പരീക്ഷണം നടത്തിയാലും വിജയിക്കാത്ത ഒരവസ്ഥയിലേക്ക് ടീമിന്റെ ഘടന ചുരുങ്ങിപ്പോകുന്നു.

ഇന്ത്യൻ കോച്ച് ഗ്രേഗ് ചാപ്പലും ഇരുട്ടിൽ തപ്പുകയാണ്. പരീക്ഷണങ്ങൾ പാളുന്നത് മാത്രമല്ല പിറകേവരുന്ന വിവാദങ്ങളും ചാപ്പലിനെ പ്രശ്നപുരുഷനാക്കുന്നു. മാനസികമായി ടീമിനെ ശക്തിപ്പെടുത്തുന്ന നടപടികൾ ചാപ്പലിനെടുക്കാനാകുന്നില്ല. മുംബൈ ലോബിയുടെ ശക്തമായ കൈകടത്തൽ ടീം സെലക്ഷൻ മുതൽ ചാപ്പലിനെ വരിഞ്ഞുമുറുക്കുന്നുണ്ടാവാം. എങ്കിലും ഒരു പരിശീലികനെന്നനിലയിൽ തന്റെ പ്രകടനത്തെ മെച്ചപ്പെടുത്താൻ ഇന്ത്യൻകോച്ച് പരിശ്രമിക്കുന്നില്ല. ഒരു പരിശീലകന്റെ പ്രകടനം വിലയിരുത്തപ്പെടുന്നത് തൽക്കാലത്തേക്കെങ്കിലും ജയിക്കുന്ന മത്സരങ്ങളുടെ എണ്ണത്താലാണ്. ഈ സത്യം ചാപ്പൽ മനസ്സിലാക്കേണ്ടുന്ന സമയമായിട്ടുണ്ട്. ഇതിനിടയിൽ രാഷ്ട്രീയക്കാരെ വിമർശിച്ചതു വഴി പാർലമെന്റിലടക്കം വലിയ വിമർശനങ്ങൾ ചാപ്പൽ ഏറ്റുവാങ്ങുകയും ചെയ്തു. ക്രിക്കറ്റ് എന്ന ടീം ഗെയിമിൽ ഇത്തരം വിവാദങ്ങൾ അനാവശ്യമാണ്.

ഇന്ത്യൻ ടീമിന്റെ നിലവാരമുയർത്തുക എളുപ്പമുള്ള കാര്യമല്ല. ടീമിലെത്തുന്നത് ഒരു സാധാരണ യുവാവിനെ സംബന്ധിച്ചിടത്തോളം ഒരു ലോട്ടറി തന്നെയാണ്. കാരണം ആജീവാനന്തകാലത്തേക്കുള്ള വരുമാനത്തിന്റെ വഴി തുറക്കുകയാണിത്. പരസ്യങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ഇന്ത്യൻ കളിക്കാർ ഇതിന്റെ തെളിവാണ്. പരസ്യത്തിലൂടെയും ഇതര മാർഗ്ഗത്തിലൂടെയും ലഭിക്കുന്ന അനിയന്ത്രിതമായ വരുമാനം കളിക്കാരുടെ മാനസികമായ അധ്വാനശേഷിയെ ബാധിക്കുന്നുണ്ടോയെന്നത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. മൂന്നാം ഏകദിനത്തിൽ 72-ന് മൂന്ന് എന്ന പരിതാപകരമായ നിലയിൽനിന്ന് 270-ന് മീതേയുള്ള സ്കോറിലേക്ക് ഉയർന്ന ദക്ഷിണാഫ്രിക്കതന്നെ ഇന്ത്യൻ കളിക്കാരുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. നാല് മത്സരങ്ങൾ കളിച്ചതിൽ ഒരേയൊരു കളിയിൽ മാത്രമാണ് 'ടീം ഇന്ത്യ' 200 റൺസ് തികച്ചത്. കെപ്, പൊള്ളോക്ക്, ഗിബ്സ് തുടങ്ങിയ ദക്ഷിണാഫ്രിക്കൻ കളിക്കാരുടെ സമയോചിതമായ കേളീശൈലി ഇന്ത്യക്കാർക്ക് വലിയ പാഠം നൽകുന്നുണ്ട്. തട്ടിക്കൂട്ടൽ പരിപാടികൾ മാറി ശാസ്ത്രീയവും കേന്ദ്രീകൃതവുമായ സെലക്ഷനിൽ കാര്യങ്ങൾ ആരംഭിച്ചാൽ മാത്രമേ ഇന്ത്യ രക്ഷപ്പെടുകയുള്ളു.

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ബി.സി.സി.ഐ ഇപ്പോഴും മടിച്ചു നിൽക്കുകയാണ്. വിദേശ രാജ്യങ്ങളിലെപ്പോലുള്ള വേഗമേറിയ പിച്ചുകൾ ഇന്ത്യയിൽ അത്യപൂർവ്വമാണ്. ഇന്ത്യയിൽ കളിച്ചുള്ള പരിചയക്കുറവാണ് പലപ്പോഴും ഫാസ്റ്റ് ബൗളർമാർക്കു മുമ്പിൽ ഇന്ത്യ തകരാൻ കാരണം. ഇന്ത്യൻ കളിക്കാരുടെ ശോചനീയാവസ്ഥ മാറ്റാനുള്ള വലിയ ഉത്തരവാദിത്തം ക്രിക്കറ്റ് ബോർഡിനുണ്ട്. എന്നാൽ, നിരാശ മാത്രമാണ് ബോർഡിന്റെ ഉത്തരം. പ്രൊഫഷണലിസം സത്യത്തിൽ ആദ്യം വരുത്തേണ്ടത് ക്രിക്കറ്റ് ബോർഡിന്റെ തലപ്പത്താണ്. രാഷ്ട്രീയക്കാരെ മാറ്റി സജീവമായ പ്രൊഫഷനലുകളും, മുൻകളിക്കാരും ബി.സി.സി.ഐ ഭരിക്കേണ്ടുന്ന കാലം മുന്നേ കഴിഞ്ഞതാണ്. മുംബൈ ലോബിയും ചെന്നൈ, കൽക്കത്ത ലോബികളുമൊക്കെ ഇന്ത്യൻ കായിക മേഖലയിൽ വൻവിഘാതങ്ങൾ സൃഷ്ടിക്കുന്നവ തന്നെയാണ്. ഈ ഗ്രൂപ്പുകളും ക്ലിക്കുകളും എല്ലാതരം വിനോദങ്ങളുടേയും നേരൊഴുക്കിനെ തടസ്സപ്പെടുത്തുന്നു.

*വാൽക്കഷണം:* മുൻനായകൻ സൗരവ് ഗാംഗുലി ടെസ്റ്റ് ടീമിലേക്ക് തിരിച്ചുവരുന്നു. എന്നാലും ഇന്ത്യ മെച്ചപ്പെടുമോ എന്നത് കാണികളുടെ ചോദ്യം.

(5-ാം പേജിൽനിന്ന്)

ആലോചിക്കുകയും വേണ്ടതാണ്. രണ്ട് കക്ഷിക്കാർക്കും വിവിധ തരത്തിലുള്ള കല്പനകളാണുള്ളത്. വിവാഹം കഴിഞ്ഞു. പക്ഷേ, ഭർത്താവിനോടൊത്ത് കഴിയാൻ ആഗ്രഹിക്കുന്നില്ലെന്ന് പെൺകുട്ടികളിൽനിന്ന് ആവശ്യമുയരുന്നു എന്നതാണ് വേദനാജനകമായ കാര്യം. അന്വേഷിക്കുമ്പോൾ ആൺകുട്ടിയോ പെൺകുട്ടിയോ മാതാപിതാക്കളുടെ സമ്മർദ്ദത്തിന് വഴിങ്ങിയാണ് വിവാഹം നടത്തിയതെന്ന് മനസ്സിലാവുന്നു. അവർ വേറെ എവിടെയോ വിവാഹം കഴിക്കാൻ ആഗ്രഹിച്ചതാണ്. അപ്പോൾ മാതാപിതാക്കളും ഇക്കാര്യത്തിൽ ചിന്തിക്കേണ്ടതുണ്ട്. നിങ്ങളിങ്ങനെ രണ്ട് ജീവിതത്തെ ഒരിക്കലും നശിപ്പിക്കരുത്.

വിവാഹം നടന്നുകഴിഞ്ഞാൽ മാന്യത നിങ്ങളിൽനിന്ന് ആവശ്യപ്പെടുന്നത് പരസ്പരം സഹനം പാലിക്കുകയും നല്ല നിലയിൽ പെരുമാറുകയും മനസ്സിലാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക എന്നതാണ്. അല്ലാഹു പറയുന്നു: തന്റെ കാര്യങ്ങൾ അനുസരിച്ചുകൊണ്ട് പരസ്പരം നല്ലനിലയിൽ പെരുമാറുകയാണെങ്കിൽ ബാഹ്യമായിട്ട് അനിഷ്ടകരമായി തോന്നുന്നത് ഇഷ്ടകരമായി മാറിയേക്കാം. ആ ബന്ധത്തിലൂടെ നിങ്ങൾക്ക് കൂടുതൽ നന്മയും ക്ഷേമവും പ്രാപിക്കാനും സാധിച്ചേക്കാം. കാരണം നിങ്ങൾക്ക് മറഞ്ഞ കാര്യങ്ങൾ അറിയുകയില്ല. എന്നാൽ അല്ലാഹു മറഞ്ഞ കാര്യങ്ങൾ അറിയുന്നവനാണ്. അവൻ എല്ലാ ശക്തിപ്രഭാവങ്ങളുടേയും ഉടമസ്ഥനാണ്. അവൻ നിങ്ങൾക്കായി ഐശ്വര്യവും നന്മയും അതിൽ സൃഷ്ടിക്കുന്നതാണ്.

പരസ്പരം സഹായിക്കുകയും അക്രമം അവസാനിപ്പിക്കുകയും ചെയ്യുക എന്നതാണ് യഥാർത്ഥ കാര്യം. അക്രമത്തിനെതിരിൽ പൊരുതേണ്ടതാണ്; അത് എവിടെനിന്നുണ്ടായാലും ശരി. ഞാൻ പറഞ്ഞതുപോലെ ചില പുരുഷന്മാർ മോശമായ ആരോപണമുന്നയിച്ച് ഭാര്യമാർക്ക് ചീത്തപ്പേരുണ്ടാക്കുന്നു. ചിലപ്പോൾ ഭാര്യമാരും അങ്ങനെ ചെയ്യാറുണ്ട്. എന്നാൽ പുരുഷന്മാരുടെ കയ്യിൽ മാർഗ്ഗങ്ങളും ശക്തിയും അധികമുള്ളതുകൊണ്ടും ബന്ധങ്ങൾ കൂടുതലുള്ളതുകൊണ്ടും അതിൽനിന്ന് അവർ കൂടുതൽ ഫലമെടുക്കുന്നു. ഓർമ്മിക്കുക. ആരാണോ ഇങ്ങനെ ഫലമെടുക്കുന്നത് ഇവർ തങ്ങൾക്കായി ആളിക്കത്തുന്ന തീ ഒരുക്കുകയാണ് ചെയ്യുന്നത്.

(ഖുത്ബ, 10.11.06)

## ഖാഇദുമാരുടെ ശ്രദ്ധക്ക്

അൽഹഖ് ജനുവരി മുതൽ വരിസംഖ്യാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതാണെന്ന വിവരം നേരത്തെ അറിയിച്ചിരുന്നു. വരിസംഖ്യ 60/-രൂപയാണ്. മുഴുവൻ മജ്‌ലിസുകളും വരിക്കാരെ ചേർത്ത് വരിസംഖ്യ പിരിച്ചെടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയക്കാൻ അപേക്ഷ.

**എഡിറ്റർ**
**അൽഹഖ്, അഹ്‌മദിയ്യാ മുസ്‌ലിം കോമ്പ്ലക്സ്**
**ഫോർട്ട് റോഡ്,**
**കണ്ണൂർ- 670 001**

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - B.M. Shoukhathali, Editor - Shamsudheen, Kannur.